12
2025
മാർച്ച്
ബുധൻ
കുംഭം 28

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.94 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-94 | പേജ് 4. വില 2.00 രൂപ








02 അന്താരാഷ്ട്ര നിലവാരമുള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുക ലക്ഷ്യം: മന്ത്രി ഡോ. ആർ ബിന്ദു

03 ആറ്റുകാൽ പൊങ്കാല: ഹരിതചട്ടം കർശനമാക്കി

04 കരട് യു ജി സി ചട്ടങ്ങൾ സ്വയം ഭരണാധികാരം ഇല്ലാതാക്കുന്നു


# കടൽ ഖനനം നിയന്ത്രണമേഖലയ്ക്ക് പുറത്തെന്ന് കേന്ദ്രം

ന്യൂഡൽഹി: സമുദ്ര പര്യവേക്ഷണത്തിനുള്ള ലൈസൻസ് അനുവദിക്കുന്നതിനായി വിജ്ഞാപനം ചെയ്ത മൂന്ന് ഓഫ് ഷോർ ബ്ലോക്കുകൾ കേരളത്തിന്റെ ജലാതിർത്തിക്ക് അപ്പുറമുള്ളതാണെന്ന് കേന്ദ്ര സർക്കാർ.

ലേലത്തിന്റെ ആദ്യഘട്ടം കഴിഞ്ഞ വർഷം നവംബർ 28ന് കേന്ദ്രസർക്കാർ ആരംഭിച്ചതായും കേന്ദ്ര കൽക്കരി- ഖനന വകുപ്പ് മന്ത്രി കിഷൻ റെഡ്ഢി വ്യക്തമാക്കി. രാജ്യസഭാ എംപി ഹാരീസ് ബീരാൻ ഉന്നയിച്ച ചോദ്യത്തിനു മറുപടിയായാണ് കേന്ദ്രമന്ത്രി ഇക്കാര്യം പറഞ്ഞത്.



സ്വകാര്യ കന്പനികൾക്ക് ഖനനാനുമതി നൽകിയെങ്കിൽക്കൂടി 2013 ലെ കന്പനി നിയമത്തിലെ യോഗ്യതാ വ്യവസ്ഥകൾ പാലിക്കുന്ന കന്പനികൾക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കൂവെന്നും മന്ത്രി പറഞ്ഞു. പരിസ്ഥിതി ആഘാത പഠനത്തിനുശേഷം മാത്രമേ കേരളത്തിൽ കടൽ ഖനനം നടത്തൂ.

പരിസ്ഥിതി, വനം, കാലാവസ്ഥ തുടങ്ങിയ മന്ത്രാലയങ്ങളുടെ പഠനവും അനുമതിയും ലഭിച്ച ശേഷമേ ഖനനത്തിനുള്ള അനുമതി നൽകുകയുള്ളൂ.

ഖനനാനുമതി ലഭിക്കുന്ന ഏത് ഇന്ത്യൻ കന്പനികൾക്കും ഈ ലേലത്തിൽ പങ്കെടുക്കാമെങ്കിലും വിവിധ മന്ത്രാലയങ്ങളുടെ അടക്കം അനുമതികൾ കന്പനി സ്വയം തേടണമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## കടൽ മണൽ ഖനനം: സമഗ്ര ശാസ്ത്രീയ പഠനം അനിവാര്യം–ഡോ. എ. ബിജുകുമാർ

തിരുവനന്തപുരം: ബ്ലൂ ഇക്കോണമിയുടെ പേരിൽ കടൽ ഖനന മേഖലയിലേക്ക് ഇന്ത്യ കടന്നു വരുമ്പോൾ വിശദമായ കടൽ പരിപാലന കർമ്മപദ്ധതികളും അനുബന്ധ ശാസ്ത്രീയ പഠന ഗവേഷണവും അനിവാര്യമെന്ന് പ്രമുഖ സമുദ്ര ഗവേഷണ ശാസ്ത്രജ്ഞൻ ഡോ. എ ബിജുകുമാർ. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റയ്നബിൾ ഡെവലപ്പ്മെന്റ് ആൻഡ് ഗവേണൻസും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവിയറോൺമെന്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ കടൽ മണൽ ഖനന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള പഠന റിപ്പോർട്ട് അവതരണ ചർച്ചയിൽ സംസാരിക്കുകയാ യിരുന്നു. ആഴക്കടൽ ഖനനത്തിന് മോറട്ടോറിയം വേണമെന്ന ആഗോള ആഹ്വാനത്തിന്റെ വെളിച്ചത്തിൽ പാരിസ്ഥിതിക ആഘാത വിലയിരുത്തലില്ലാതെ കൊല്ലം തീരക്കടലിൽനിന്നും മണൽ ഖനനം ചെയ്യാനുള്ള ഏതൊരു ശ്രമവും ഗുരുതരമായ പരിസ്ഥിതി നാശത്തിലേക്ക് ഈ പ്രദേശത്തെ മാത്രമല്ല കേരളതീരത്തെ ആകെ ബാധിക്കുന്നതായി മാറും. ആഴക്കടൽ മണൽ കരയിലെത്തിച്ച് ഉപ്പ് വേർതിരിച്ചെടുക്കുക എന്നതും ശ്രമകരമാണ്. മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ വാണിജ്യപരമായ നിരവധി മത്സ്യങ്ങൾ ഉൾപ്പെടെ കൊല്ലം കടൽപ്പരപ്പും ചുറ്റുമുള്ള ആഴം കുറഞ്ഞ പാറക്കെട്ടുകളും സമുദ്രജീവികളുടെ ആവാസവ്യവസ്ഥ കൂടിയാണ്. ഖനനം സാരമായി ബാധിക്കും. ഇന്ത്യ ഉൾപ്പെടെ 70 ലധികം രാജ്യങ്ങളിൽ നിന്നും താനുൾപ്പെടെയുള്ള 931 സമുദ്ര ശാസ്ത്ര, നയരൂപീകരണ വിദഗ്ദ്ധർ ആഴക്കടൽ ഖനനത്തിന് താൽക്കാലിക വിരാമം ആവശ്യപ്പെടുന്ന ആഗോള പ്രസ്താവനയിലൂടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് ഡോ. ബിജുകുമാർ പറഞ്ഞു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻവിയറോൺമെന്റ് ആൻഡ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജെ ബി രാജൻ മോഡറേറ്ററായിരുന്നു. അനിൽകുമാർ പി വൈ–പ്രോഗ്രാം കോർഡിനേറ്റർ കടഉഏ,

സാൻജൊ സാബു– പ്രോഗ്രാം അസോസിയേറ്റ് കസുനിൽജി എന്നിവർ സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ കെ. സി. ശ്രീകുമാർ, സിസ്റ്റർ മേഴ്സി മാത്യു, ലീജ സ്റ്റീഫൻ, സുധിലാൽ തൃക്കുന്നപ്പുഴ, കെ അരവിന്ദക്ഷൻ പിള്ള എന്നിവർ സംസാരിച്ചു.

### ദേവസ്വം ക്ഷേത്രങ്ങളിലെ വഴിപാടു നിരക്കുകൾ വർധിപ്പിക്കും

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ വഴിപാടു നിരക്കുകൾ 30 ശതമാനം വർധിപ്പിക്കുമെന്നു പ്രസിഡൻറ് പി. എസ്. പ്രശാന്ത്. ഒൻപതു വർഷത്തിനുശേഷമാണു നിരക്കുവർധന.

ഓരോ അഞ്ചു വർഷം കൂടുന്പോഴും വഴിപാടു നിരക്കുകൾ വർധിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ 2016–നു ശേഷം പ്രളയവും കോവിഡും കാരണം ഇതു നടപ്പാക്കിയിരുന്നില്ല.

പുനരേകീകരണ കമ്മറ്റി ക്രോഡീകരിച്ച നിരക്കുകൾ ഓംബുഡ്സ്മാന്റെ ശിപാർശയിലും ഹൈക്കോടതിയുടെ അംഗീകാരത്തോടെയുമാണു നടപ്പാക്കുന്നത്. വഴിപാടുകൾക്ക് ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ നിരക്ക് ഒൻപതു വർഷത്തിനിടെ രണ്ടിരട്ടിയും മൂന്നിരട്ടിയും വർധിച്ചതിനാലാണു നിരക്കുവർധനയെന്നും പ്രശാന്ത് പറഞ്ഞു. ശബരിമല സോപാനത്തു പുതിയ ദർശനരീതി മീനമാസ പൂജ മുതൽ പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പാക്കും.

## തൊഴിൽതട്ടിപ്പ്: തായ്‌ലാൻഡിൽ കുടുങ്ങിയ മലയാളികളെ രാത്രിയോടെ നാട്ടിലെത്തിക്കും

തായ്‌ലാന്റ്, മ്യാൻമാർ, ലാവോസ്, കംബോഡിയ അതിർത്തിയിലെ കുപ്രസിദ്ധമായ ഗോൾഡൻ ട്രയാംഗിൾ പ്രദേശത്ത് തൊഴിൽ തട്ടിപ്പിനും മനുഷ്യക്കടത്തിനും ഇരയായി കുടുങ്ങിയ എട്ട് മലയാളികൾ ഉൾപ്പെടെ 283 ഇന്ത്യൻ പൗരന്മാരെ തിരിച്ചെത്തിച്ചു. ഇന്ത്യൻ വ്യോമസേനാ വിമാനത്തിൽ ഡൽഹിയിലെത്തിച്ചവരിൽ മലയാളികളായ എട്ടുപേരെ നോർക്ക റൂട്ട്സ് ഇടപെട്ട് നാട്ടിലെത്തിക്കും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കാസർഗോഡ് സ്വദേശികളാണ് തിരിച്ചെത്തുന്നത്. അഞ്ചുപേരെ എയർ ഇന്ത്യാ വിമാനത്തിൽ (അക505) രാത്രി 10.20 ഓടെ കൊച്ചിയിലും മൂന്നുപേരെ ഇൻഡിഗോ വിമാനത്തിൽ (6ഋ 2189) രാത്രി 11.45 ഓടെ തിരുവനന്തപുരത്തും എത്തിക്കും. വ്യാജ റിക്രൂട്ട്മെന്റ് ഏജന്റുമാർ വഴി ഗോൾഡൻ ട്രയാംഗിൾ എന്നറിയപ്പെടുന്ന മേഖലയിൽ ഉൾപ്പെടെ വ്യാജ കോൾസെന്ററുകളിൽ സൈബർ കുറ്റകൃത്യങ്ങൾ (സ്കാമിങ്ങ്) ചെയ്യാൻ നിർബന്ധിതരായി കുടുങ്ങിയവരാണ് തിരിച്ചെത്തിയവർ. മ്യാൻമാർ തായ്‌ലാന്റ് ഇന്ത്യൻ സ്ഥാനപതികാര്യാലയങ്ങൾ പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് നടത്തിയ ഇടപെടലുകളാണ് മോചനത്തിന് സഹായിച്ചത്. രക്ഷപ്പെടുത്തിയവരെ തായ്‌ലാന്റിലെ മെയ് സോട്ട് നഗരത്തിലെത്തിക്കുകയും പിന്നീട് വ്യോമസേനാ വിമാനത്തിൽ ഡൽഹിയിലെത്തിക്കുകയുമായിരുന്നു.

തിരിച്ചെത്തിയ മലയാളികളെ ഡൽഹി എൻ.ആർ.കെ ഡവലപ്മെന്റ് ഓഫീസർ ഷാജിമോന്റെ നേതൃത്വത്തിൽ സ്വീകരിച്ചിരുന്നു. വിദേശത്തേയ്ക്കുള്ള അനധികൃത റിക്രൂട്ട്മെന്റ്, വീസ തട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവക്കെതിരെ നോർക്ക ഓപ്പറേഷൻ ശുഭയാത്രയിലൂടെ പരാതിപ്പെടാവുന്നതാണ്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് , കേരളാ പോലീസ്, നോർക്ക റൂട്ട്സ്, എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. പരാതികൾ ു്യൃശ.ുീഹ@സലൃമഹമ.ഴീ.ശി, ൃ്യു്യൃശ.ുീഹ@സലൃമഹമ.ഴീ.ശി എന്നീ ഇ മെയിലുകൾ വഴിയും, 0471–2721547 എന്ന ഹെൽപ്‌ലൈൻ നമ്പറിലും അറിയിക്കാം. നിങ്ങൾ പഠനത്തിനോ ഉദ്യോഗത്തിനോ വിദേശരാജ്യത്തേയ്ക്ക് പോകുന്നവരോ പോകാൻ താൽപ്പര്യപ്പെടുന്നവരോ ആണെങ്കിൽ അംഗീകാരമുള്ള ഏജൻസികൾ വഴിയോ നിയമപരമായോ മാത്രമേ ഇത്തരം യാത്രകൾ ചെയ്യാവൂ. വിദേശകാര്യ മന്ത്രാലയത്തിന്റെ ഇ–മൈഗ്രേറ്റ് വെബ്പോർട്ടൽ മുഖേന റിക്രൂട്ട്മെന്റ് ഏജൻസിക്ക് ലൈസൻസുണ്ടോ എന്ന് പരിശോധിക്കാം.

## മാറനല്ലൂർ ഇരട്ടക്കൊലക്കേസ്: പ്രതി അരുൺരാജിന് ജീവപര്യന്തം

തിരുവനന്തപുരം: മാറനല്ലൂർ ഇരട്ടക്കൊലക്കേസിൽ പ്രതി അരുൺരാജിന് ജീവപര്യന്തം. നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതിയുടെതാണ് വിധി. മാറനല്ലൂർ സ്വദേശി സജീഷ്, സന്തോഷ് എന്നിവരെ കൊലപ്പെടുത്തിയ കേസിലാണ് ശിക്ഷ വിധിച്ചത്.

25 വർഷം വരെ പരോൾ അനുവദിക്കരുതെന്നും കോടതി ഉത്തരവിട്ടു. തടവ് ശിക്ഷ കൂടാതെ 50, 000 രൂപ പിഴയും ഒടുക്കണം. നെയ്യാറ്റിൻകര അഡീഷണൽ ജില്ലാ കോടതി ജഡ്ജി എ. എം. ബഷീർ ആണ് വിധി പ്രസ്ഥാവിച്ചത്. 2021 ഓഗസ്റ്റ് 14നാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. മൂലക്കോണം കുക്കിരിപ്പാറ ക്വാറിയിൽ പാറ പൊട്ടിക്കുന്നത് സംബന്ധിച്ച് സന്തോഷും സജീഷും അരുണും തമ്മിലുണ്ടായ വിരോധമാണ് കൊലപാതകത്തിൽ കലാശിച്ചത്.

# പാക്കിസ്ഥാനിൽ ട്രെയിൻ തട്ടിയെടുത്തതിന് പിന്നാലെ വ്യോമാക്രമണം

ക്വറ്റ : പാക്കിസ്ഥാനിൽ ട്രെയിൻ തട്ടിയെടുത്ത് 182 യാത്രക്കാരെ ബന്ദികളാക്കിയതിനു പിന്നാലെ ഏറ്റുമുട്ടി സൈന്യവും ബലൂച് ലിബറേഷൻ ആർമിയും. പാക്കിസ്ഥാൻ സുരക്ഷാ സേന സ്ഥലത്തെത്തി, വ്യോമാക്രമണം ഉൾപ്പെടെയുള്ള വൻ പ്രത്യാക്രമണം നടത്തിയെന്നാണ് വിവരം. സൈന്യത്തിന്റെ കര ആക്രമണം പൂർണമായും ചെറുത്തതായി തീവ്രവാദികൾ അവകാശപ്പെട്ടു. ട്രെയിനിലെ യാത്രക്കാരുമായി യാതൊരു ബന്ധവും സ്ഥാപിച്ചിട്ടില്ലെന്ന് റെയിൽവേ ഉദ്യോഗസ്ഥർ പറഞ്ഞു. ആക്രമണത്തിൽ നിരവധി യാത്രക്കാർക്ക് പരുക്കേറ്റതായാണ് വിവരം.



പാക്കിസ്ഥാൻ സൈന്യം സൈനികരുടെയും ഡോക്ടർമാരുടെയും അധിക സേനയുമായി ഒരു ദുരിതാശ്വാസ ട്രെയിനും സംഭവസ്ഥലത്തേക്ക് അയച്ചിട്ടുണ്ട്. ആംബുലൻസുകളും പ്രദേശത്തേക്ക് അയച്ചുവെങ്കിലും പർവതനിരകളും ദുർഘടമായ ഭൂപ്രകൃതിയും കാരണം സ്ഥലത്തേക്ക് എത്തിച്ചേരുന്നത് എളുപ്പമായിരുന്നില്ല. പാക്കിസ്ഥാൻ ആഭ്യന്തര മന്ത്രി മൊഹ്സിൻ നഖ്‌വി ആക്രമണത്തെ അപലപിച്ചു. നിരപരാധികളായ യാത്രക്കാരെ വെടിവയ്ക്കുന്നവരോട് സർക്കാർ ഒരു വിട്ടുവീഴ്ചയും നൽകില്ലെന്ന് അദ്ദേഹം പറഞ്ഞു.

ബലൂച് ലിബറേഷൻ ആർമിയാണ് ട്രെയിൻ തട്ടിയെടുത്തത്. 20 പാക്കിസ്ഥാൻ സൈനികർ കൊല്ലപ്പെട്ടതായാണ് വിവരം. പാക്കിസ്ഥാനിലെ തെക്കുപടിഞ്ഞാറൻ ബലൂചിസ്ഥാൻ പ്രവിശ്യയിലെ ക്വറ്റയിൽനിന്ന് ഖൈബർ പഖ്തൂൺഖ്വയിലെ പെഷാവറിലേക്ക് പോവുകയായിരുന്ന ജാഫർ എക്സ്പ്രസിലാണ് സംഭവം.

പാക്കിസ്ഥാൻ സൈന്യം സൈനിക നടപടികൾ ആരംഭിച്ചാൽ ബന്ദികളെ കൊല്ലുമെന്ന് ബലൂച് ലിബറേഷൻ ആർമി വക്താവ് ജിയാൻഡ് ബലൂച്ച് ഒപ്പിട്ട പ്രസ്താവനയിൽ പറഞ്ഞു. ഒരു തുരങ്കത്തിനടുത്തു വച്ചാണ് ആയുധധാരികളായവർ ട്രെയിൻ തടഞ്ഞത്. പർവതങ്ങളാൽ ചുറ്റപ്പെട്ട പ്രദേശത്തെ തുരങ്കത്തിനടുത്ത് ട്രെയിൻ കുടുങ്ങിക്കിടക്കുകയാണെന്നാണ് രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ട്രെയിനിനു നേരെ വെടിവയ്പ്പുണ്ടായതായും വിവരമുണ്ട്.

ബലൂചിസ്ഥാൻ അധികൃതർ രക്ഷാപ്രവർത്തനത്തിനും അടിയന്തര സേവനങ്ങൾ എത്തിക്കാനുമുള്ള ശ്രമത്തിലാണ്. ട്രെയിൻ തടഞ്ഞിട്ടിരിക്കുന്ന പ്രദേശം സങ്കീർണമായ ഭൂപ്രദേശമായതിനാൽ വെല്ലുവിളികൾ ഏറെയുണ്ട്.

## റേഷൻ മസ്റ്ററിംഗ് നടത്തിയ ഒമ്പതു ലക്ഷം പേർ റേഷൻ കാർഡിനു പുറത്ത്

കോഴിക്കോട്: ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ റേഷൻ മസ്റ്ററിംഗ് നടത്തിയ ഒമ്പതു ലക്ഷം പേർ റേഷൻ കാർഡിനു പുറത്ത്. ഈ മാസം മുതൽ റേഷൻ വിതരണം മസ്റ്ററിംഗ് നടത്തിയവർക്കു മാത്രമായി ചുരുക്കിയതിനാൽ ഉപഭോക്താക്കൾ ആശങ്കയിലാണ്.

സംസ്ഥാനത്ത് 1.51 കോടി റേഷൻ ഉപഭോക്താക്കൾ ഉള്ളതിൽ 11 ലക്ഷം പേർ മസ്റ്ററിംഗിനുശേഷം കാർഡിൽ ഉൾപ്പെട്ടിരുന്നില്ല. ഇതിൽ രണ്ടുലക്ഷം പേരുടെ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒമ്പതുലക്ഷം ഉപഭോക്താക്കൾ ഇപ്പോഴും പുറത്താണ്.

കേന്ദ്രസർക്കാർ നിർദേശത്തെത്തുടർന്ന് മുൻഗണനാ വിഭാഗമായ മഞ്ഞ, പിങ്ക് കാർഡുകളിലെ മുഴുവൻ അംഗങ്ങളുടേയും കെവൈസി ( മസ്റ്ററിംഗ്) പൂർത്തിയാക്കിയിരുന്നു. എന്നാൽ പ്രായമേറിയവരും കുട്ടികളും അടങ്ങുന്ന ഒട്ടേറെ റേഷൻ ഗുണഭോക്താക്കളുടെ പേര് മസ്റ്ററിംഗിനുശേഷം കാർഡിൽ കാണാനില്ലെന്നു കാർഡ് ഉടമകളും വ്യാപാരികളും പറയുന്നു.

ഈ മാസം മുതൽ റേഷൻ വിതരണം നടത്തുന്നത് മസ്റ്ററിംഗ് നടത്തിയ അംഗങ്ങൾക്കു മാത്രമാണ്. അതിനാൽ പേരില്ലാത്തവർക്ക് ഈ മാസത്തെ റേഷൻ വിഹിതം നഷ്ടപ്പെടുമെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. പേരില്ലാത്തവർ വീണ്ടും ചേർക്കേണ്ട സ്ഥിതിയാണ്.

ഈ മാസത്തെ റേഷൻ വിതരണം തുടങ്ങിയപ്പോഴാണു റേഷൻ കാർഡിൽനിന്നു പേരു നഷ്ടപ്പെട്ട വിവരം കാർഡ് ഉടമകളും വ്യാപാരികളും അറിയുന്നത്. മുമ്പ് എല്ലാ മാസാരംഭ നാളുകളിലും ഇത്തരം സങ്കേതിക തകരാറുകൾ ഉണ്ടാവാറുണ്ടെങ്കിലും അവരുടെ പേരുകളും റേഷനും നഷ്ടപ്പെടാറില്ല.




# അന്താരാഷ്ട്ര നിലവാരമുള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുക ലക്ഷ്യം: മന്ത്രി ഡോ. ആർ ബിന്ദു



ഗ്ലോബൽ മൊബിലിറ്റി ആൻഡ് സ്കിൽസ് 2025 – അന്തർദേശീയ കോൺക്ലേവ് മന്ത്രി ഡോ.ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

വിജ്ഞാന സമ്പദ്ഘടന കെട്ടിപ്പടുത്തു കൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള മനുഷ്യ വിഭവശേഷി സൃഷ്ടിക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു പറഞ്ഞു. തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ അന്താരാഷ്ട്ര തൊഴിൽമേഖലകളിലെ ആവശ്യകതയും നൈപുണ്യവികസനവും എന്ന വിഷയത്തിൽ ഗ്ലോബൽ മൊബിലിറ്റി ആൻഡ് സ്കിൽസ് 2025 – അന്തർദേശീയ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയരുന്നതനുസരിച്ച് നാടിന്റെ സമ്പദ്ഘടന വിപുലീകരിക്കാനുള്ള പദ്ധതി നവകേരള സൃഷ്ടിയുടെ ഭാഗമായി നാം ഏറ്റെടുക്കുകയാണ്. അഭ്യസ്തവിദ്യരായ യുവാക്കളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി തൊഴിലും വിദ്യാഭ്യാസവും തമ്മിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കേണ്ടതുണ്ട്. ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് വളരെ സജീവമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നൈപുണിയുടെ ലഭ്യത നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്ക് ഉറപ്പു നൽകാൻ കഴിയുന്ന തരത്തിൽ വിവിധ പ്ലാറ്റ്ഫോമുകൾ രൂപീകരിച്ചു. ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ അസാപ് കേരള മുഖ്യപങ്ക് വഹിക്കുന്നു. അസാപ് കേരള നൽകുന്ന 150 ഓളം നൈപുണ്യ കോഴ്സുകൾ വിവിധ മേഖലകളിൽ പ്രാവീണ്യം നേടാനും ദേശീയവും അന്തർദേശീയവുമായ തൊഴിലവസരങ്ങളിലേക്ക് ഉദ്യോഗാർത്ഥികളെ സജ്ജരാക്കാനും സഹായിക്കുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി ടെക്നോളജി തുടങ്ങി ഇന്നത്തെ സമൂഹത്തിൽ അനിവാര്യമായ ഏറ്റവും പുത്തൻ കോഴ്സുകളാണ് നടത്തുന്നത്. ഈ കാലഘട്ടത്തിലേയ്ക്ക് ആവശ്യമുള്ള ഗ്രാഫിക് ഡിസൈനിങ് പോലെയുള്ള വിവിധങ്ങളായ കോഴ്സുകളിലെ പരിശീലനം വിദ്യാർഥികൾക്ക് മാത്രമല്ല സമൂഹത്തിലെ സാധാരണക്കാരായ ജനങ്ങൾക്കും കുടുംബശ്രീ പ്രവർത്തകർക്കടക്കം നൽകിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

വൈജ്ഞാനിക സമൂഹം അതിവേഗത്തിൽ മുന്നോട്ടു കുതിക്കുന്ന സന്ദർഭത്തിൽ വികസിതരാജ്യങ്ങളിലെ വൈജ്ഞാനിക സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒരു ജനപക്ഷ ബദലാണ് കേരളം അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജന കേന്ദ്രീകൃതമായ നിരവധി അഭിമാനകരമായ മാതൃകകൾ കേരളം ഇതിനു മുമ്പും ലോകത്തന് മുൻപിൽ അവതരിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പരിമിതികൾക്കിടയിലും വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും കേരളത്തിന്റെ നേട്ടങ്ങൾ ലോകമെമ്പാടുമുള്ള സാമൂഹ്യ നിരീക്ഷകരും സാമ്പത്തിക ശാസ്ത്രജ്ഞരുമടക്കം അഭിനന്ദിക്കുന്നു.

ഒരു ജനപക്ഷ വൈജ്ഞാനിക സമൂഹം എന്ന നിലയിലുള്ള നമ്മുടെ മുന്നേറ്റത്തിനായാണ് വിജ്ഞാന കേരളം എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത്. സംരംഭകത്വ താൽപര്യങ്ങളുടെ പ്രോത്സാഹനത്തിനടക്കം വലിയ നിലയിൽ അവസരമൊരുക്കുന്ന തരത്തിലാണ് വിജ്ഞാന കേരളം പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

ഉന്നതവിദ്യാഭ്യാസമേഖലയിൽ പാഠ്യ പദ്ധതി പരിഷ്കരണത്തിന് നേതൃത്വം നൽകി കരിക്കുലം ഫ്രെയിം വർക്ക് തയാറാക്കി.

അതിന്റെ ഭാഗമായി തൊഴിൽ ലഭ്യതയും ഗവേഷണ പ്രവർത്തനങ്ങളും ഡിഗ്രി തലത്തിൽ തന്നെ ആരംഭിക്കാവുന്ന വിധത്തിലുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകുന്നു. കോളേജുകളിൽ സ്കിൽ കോഴ്സുകൾക്ക് അംഗീകാരവും ക്രഡിറ്റും നൽകി.

യുവതയെ മാത്രമല്ല ക്യാമ്പസിന് പുറത്തുള്ള യുവജനങ്ങളെ കൂടി അവരുടെ അഭിരുചിക്കനുസരിച്ചുള്ള സ്കിൽ കോഴ്സുകളിലേക്ക് നയിക്കാനും അന്തർദേശീയ ഗുണനിലവാരം സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. സൈക്യാട്രിക് കൗൺസിലിങ്ങിലൂടെ അഭിരുചി കണ്ടെത്തി അവയിൽ നൈപുണ്യ പരിശീലനമടക്കം നൽകുന്ന അസാപ് കേരളയുടെ ഡി ഡബ്ല്യു എം എസ് മികച്ച മാതൃകയാണ്.

ദേശീയ, അന്തർദേശീയ തൊഴിൽ മേഖലകളുമായി സഹകരിക്കുന്ന വേദിയായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്നും വിജ്ഞാനാധിഷ്ഠിത നാധിഷ്ഠിത സമൂഹമെന്ന നിലയിലുള്ള കേരളത്തിന്റെ മുന്നേറ്റത്തിന് കോൺക്ലേവിലെ ആശയങ്ങൾ മുതൽ കൂട്ടാകുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ വിജ്ഞാന കേരളം ഉപദേഷ്ടാവും മുൻ ധനകാര്യ വകുപ്പ് മന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക് മുഖ്യാതിഥിയായി. ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & സയൻസ് ഇന്റർനാഷണൽ അഫയേഴ്സ് ഉപദേഷ്ടാവ് സുഖീ ലീ, പാലക്കാട് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്സ് എഞ്ചിനീയറിംഗ് & ടെക്നോളജി മേധാവി, ലിബിൻ റോബർട്ട്സ് ഇ.ആർ.എ.എം. സ്കിൽസ് അക്കാദമി ജനറൽ മാനേജർ – ഓപ്പറേഷൻസ് ഓസ്റ്റിൻ ഇ എ എന്നിവർ സംബന്ധിച്ചു. അസാപ് കേരള ചെയർപേഴ്സൺ ഡോ. ഉഷ ടൈറ്റസ് സ്വാഗതമാശംസിച്ച ചടങ്ങിൽ അസാപ് കേരള പ്രോഗ്രാം മാനേജർ ഷീജ ഹരിഹരൻ നന്ദി അറിയിച്ചു.

അടുത്ത ഒരു വർഷത്തിൽ 5 ലക്ഷം പേർക്ക് നൈപുണ്യ വികസനവും 2 ലക്ഷം പേർക്ക് തൊഴിലും ലക്ഷ്യമിടുന്ന കേരള സർക്കാരിന്റെ വിജ്ഞാന കേരളം പദ്ധതിയുമായി ചേർന്ന് പ്രവർത്തിച്ചു വരുന്ന അസാപ് കേരള, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് തിരുവനന്തപുരത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വിദേശത്തേക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്ന 100 ഓളം ദേശീയ അന്തർദേശീയ ഏജൻസികളേയും തൊഴിൽ ദാതാക്കളായ കമ്പനികളേയും അതോടൊപ്പം യൂണിവേഴ്സിറ്റികളിലെ പ്ലെയ്സ്മെന്റ് ഓഫീസർമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ കോൺക്ലേവാണ് സംഘടിപ്പിച്ചത്.

ഹെൽത്ത് കെയർ, ലൊജിസ്റ്റിക്സ്, ഹോസ്പിറ്റാലിറ്റി, എൻജിനീയറിങ് തുടങ്ങി 15 ഓളം മേഖലയിൽ നിന്നുള്ള പ്രമുഖർ ചർച്ചയിൽ പങ്കെടുത്തു. തൊഴിലിടങ്ങളിലെ നൈപുണ്യ ആവശ്യകത തിരിച്ചറിയൽ, റിക്രൂട്ടുമെന്റുകളുടെ നിയമന സാധ്യതകൾ തുടങ്ങിയവ ചർച്ചയിൽ വിഷയങ്ങളായി.

## ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് അവസരം

തിരുവനന്തപുരം എയ്ഡഡ് സ്കൂളിൽ യു.പി സ്കൂൾ ടീച്ചർ വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായി (കാഴ്ചപരിമിതി – 1, ശ്രവണ വൈകല്യം – 1) സംവരണം ചെയ്ത തസ്തികയിൽ രണ്ട് ഒഴിവുകളുണ്ട്. യോഗ്യത പത്താം ക്ലാസ് പാസായിരിക്കണം, ടി.ടി.സി, ഡി.എഡ് അല്ലെങ്കിൽ ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദവും ബി.എഡും. യോഗ്യത പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ തത്തുല്യം. പ്രായപരിധി 18–40 (ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ വയസിളവുണ്ട്). നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മാർച്ച് 18 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം.

## 'ദുരന്തനിവാരണത്തിൽ ബഹിരാകാശ സാങ്കേതിക വിദ്യ' ശിൽപശാല സംഘടിപ്പിച്ചു

ദുരന്ത നിവാരണ മേഖലയിലെ ഭൗമ നിരീക്ഷണ സാങ്കേതികവിദ്യയുടെ സാധ്യതകൾ എന്ന വിഷയത്തിൽ ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് (എൻ.ഐ.ഡി.എം), നാഷണൽ റിമോട്ട് സെൻസിങ് സെന്റർ (എൻ.ആർ.എസ്.സി, ഐ.എസ്.ആർ.ഒ) എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ശിൽപശാല നടന്നത്. എൻ.ഐ.ഡി.എം എക്സിക്യൂട്ടീവ് ഡയറക്ടർ രാജേന്ദ്ര രത്നോ ഉദ്ഘാടനം ചെയ്തു. എൻ.ആർ.എസ്.സി ഗ്രൂപ്പ് ഡയറക്ടർ ഡോ. കെ.എച്ച്.വി. ദുർഗ പ്രസാദ് റാവു, എൻ.ഐ.ഡി.എം ജി.എം.ആർ ഡിവിഷൻ മേധാവി പ്രൊഫ. സൂര്യ പ്രകാശ്, ഡോ. ജോൺ മാത്യു, ഐ.എൽ.ഡി.എം അക്കാഡമിക് ഡയറക്ടർ ജയമോഹൻ വി എന്നിവർ സംബന്ധിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള നിരവധി ഗവേഷകരും ശാസ്ത്രജ്ഞരും ഉൾപ്പെടെ 60 വിദഗ്ധർ പങ്കെടുത്തു. സ്ഥാപനത്തിലെ എം.ബി.എ ദുരന്ത നിവാരണ വിദ്യാർഥികളും സന്നിഹിതരായിരുന്നു. വയനാട് ഉരുൾപൊട്ടലിനെ അടിസ്ഥാനമാക്കി ഡ്രോൺ ടെക്നോളജി, തെർമൽ ഇമേജിങ് എന്നിവയുമായി ബന്ധപ്പെട്ട പഠനങ്ങൾ അവതരിപ്പിച്ചു.

## വിദ്യാർഥികൾക്ക് മാത്സ് പഠിക്കാനവസരം

ഹയർസെക്കൻഡറി കോഴ്സിന് കൊമേഴ്സ്, ഹ്യുമാനിറ്റീസ് ഗ്രൂപ്പിൽ ഇക്കണോമിക്സ് ഒരു വിഷയമായിട്ടുള്ള വിവിധ വിഷയ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കുന്ന റഗുലർ സ്കൂൾ വിദ്യാർഥികൾക്ക് സ്കോൾ കേരള മുഖേന അഡീഷണലായി മാത്തമാറ്റിക്സ് വിഷയം മാത്രം രജിസ്റ്റർ ചെയ്ത് പഠിക്കാൻ അവസരമൊരുക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ദേശീയ മത്സര പരീക്ഷകൾക്ക് മാത്തമെറ്റിക്സ് നിർബന്ധ വിഷയമായതിനാൽ ഹ്യുമാനിറ്റീസ്, കൊമേഴ്സ് കോമ്പിനേഷനുകളിൽ സംസ്ഥാന സിലബസിൽ ഹയർസെക്കൻഡറി റഗുലർ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താനാകും. 2025–26 അക്കാദമിക് വർഷം മുതൽക്ക് ഇത് പ്രാബല്യത്തിൽ വരും.

# സൗജന്യ തൊഴിൽ മേള

ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന 'വിജ്ഞാന കേരളം' പദ്ധതിയുടെ ഭാഗമായി അസാപ് കേരളയുടെ വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ മാർച്ച് 11ന് സൗജന്യ തൊഴിൽ മേള സംഘടിപ്പിക്കും. 200-ലധികം ഒഴിവുകളുമായി പ്രമുഖ കമ്പനികൾ പങ്കെടുക്കുന്ന മേളയിൽ എസ്എസ്എൽസി, പ്ലസ്ടു, ഐ.ടി. ഐ, ഡിപ്ലോമ, ഡിഗ്രി, പിജി, ബി. ടെക് യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം.

പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ മാർച്ച് 11ന് രാവിലെ 9: 30ന് ബയോഡേറ്റയും അനുബന്ധ സർട്ടിഫിക്കറ്റുകളുമായി പനവിളക്കോട് സ്കിൽ പാർക്കിൽ എത്തിച്ചേരണം. മുൻകൂട്ടി രജിസ്റ്റർ ചെയ്യാൻ: https: //forms. gle/ EvmeRjkDkJ5pLhBq7. ഫോൺ: 9495999697,9495404484

കാർഷിക രംഗത്ത് മാതൃകയായി നെടുമങ്ങാട് ബ്ലോക്കിന്റെ സഞ്ചരിക്കുന്ന ചാണക സംസ്കരണ യൂണിറ്റ്

കാർഷിക രംഗത്ത് കേരളത്തിന് മാതൃക സൃഷ്ടിക്കുകയാണ് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നൂതന പദ്ധതിയായ സഞ്ചരിക്കുന്ന ചാണക സംസ്കരണ യൂണിറ്റ്. ക്ഷീരവികസന മേഖലയുടെയും കാർഷിക മേഖലയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന പദ്ധതി ഒരേ സമയം ക്ഷീരകർഷകർക്ക് വരുമാനദായകവും മാലിന്യ നിർമ്മാർജനത്തിന് സഹായകരവുമാണ്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകരുടെ വീടുകളിലേക്ക് നേരിട്ടെത്തുന്ന മൊബൈൽ ചാണക സംസ്കരണ യൂണിറ്റ് ചാണകക്കുഴിയിൽ നിന്ന് ചാണകമെടുത്ത് ഉണക്കി സംസ്കരിച്ച് വാഹനത്തിൽ ശേഖരിക്കും. ശേഖരിക്കുന്ന ചാണകത്തിന് കിലോഗ്രാമിന് നിശ്ചിത തുക കർഷകന് നൽകും. ചാണകം നീക്കം ചെയ്ത് അവശേഷിക്കുന്ന ?ഗോമൂത്രം, സ്ലറി എന്നിവ പ്രത്യേകം സജ്ജമാക്കിയ വാനിലും ശേഖരിക്കും.

സംസ്കരിച്ച ചാണകം നെടുമങ്ങാട് ബ്ലോക്കിന്റെ ജൈവ ഗ്രാമത്തിലെത്തിച്ച് ഗുണമേന്മ വർധിപ്പിച്ചും മൂല്യവർധിത ഉൽപ്പന്നങ്ങളാക്കിയും കാർഷിക ക്ഷേമവകുപ്പ്, ക്ഷീരസംഘങ്ങൾ തുടങ്ങിയ ഏജൻസികൾ വഴി വിതരണം ചെയ്യും. ഗോമൂത്രം, സ്ലറി എന്നിവ ആവശ്യപ്പെടുന്ന കർഷകർക്ക് കൃഷിഭൂമിയിൽ ഡിസ്ചാർജ്ജ് ചെയ്ത് നൽകും.

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 23 ലക്ഷം പദ്ധതി വിഹിതവും 17 ലക്ഷം ജൈവഗ്രാമം ഗുണഭോക്ത വിഹിതവും ഉൾപ്പെടെ 40 ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ചാണകം, മൂത്രം എന്നിവ ഉറവിടത്തിൽ സംസ്കരിക്കുക, ശാസ്ത്രീയമായ രീതിയിൽ മാലിന്യ നിർമ്മാർജനം ഉറപ്പവരുത്തുക, ജൈവവളത്തിലൂടെ അധിക വരുമാനം, രാസവളത്തിന്റെ ഉപയോഗം കുറയ്ക്കൽ, യുവാക്കളിൽ കൃഷി ചെയ്യുന്നതിന്റെ താത്പര്യം വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതി സംബന്ധിച്ച് കർഷകർക്കും മറ്റ് തൊഴിലാളികൾക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനം തുടങ്ങി ഒരു മാസം തികയുന്നതിന് മുമ്പ് 20 ക്ഷീരകർഷകരാണ് സംസ്കരണ യൂണിറ്റിന്റെ ഗുണഭോക്താക്കളായത്.

ആവശ്യമെങ്കിൽ ബ്ലോക്ക് പരിധിക്ക് പുറത്തേക്ക് മൊബൈൽ ചാണക സംസ്ക്കരണ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുമെന്ന് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. അമ്പിളി വ്യക്തമാക്കി.

## യുവാക്കൾ നിർബന്ധമായും ജനാധിപത്യത്തിന്റെ ഭാഗമാകണം : ജില്ലാ കളക്ടർ

രാജ്യത്തിന്റെ പുരോഗതിക്കും ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനുമായി യുവാക്കൾ നിർബന്ധമായും തെരഞ്ഞെടുപ്പ്കളിൽ വോട്ട് രേഖപ്പെടുത്തണമെന്ന് ജില്ലാ കളക്ടർ അനുകുമാരി. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന്റെ ഭാഗമായി ഡയറക്ടറേറ്റ് ഓഫ് സെൻസസ് ഓപ്പറേഷൻസ് കേരള സംഘടിപ്പിച്ച ക്വിസ് മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അവർ.

മികച്ച ജനാധിപത്യ സംവിധാനത്തിലൂടെ രാഷ്ട്രനിർമാണത്തിന്റെ ഭാഗമാവുക എന്നത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണെന്നും കളക്ടർ പറഞ്ഞു. ജില്ലാ കളക്ടറുടെ ചേംബറിൽ സംഘടിപ്പിച്ച പരിപാടിയിൽ ക്വിസ് മത്സരത്തിൽ വിജയികളായ അഞ്ച് വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സെൻസസ് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ പി. വി. ജോർജ് കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ ഹാരിസ്.കെ. എം, അസിസ്റ്റന്റ് ഡയറക്ടർ സാജിത. ജെ എന്നിവർ പങ്കെടുത്തു.

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് മാതൃകയാവുകയാണ്

പോത്തൻകോട് ബ്ലോക്ക് പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടം സബ്ട്രഷറിയിലെത്തുന്ന പെൻഷൻകാർക്ക് ഇനി പെൻഷനും വാങ്ങാം ഒപ്പം പഴയ സുഹൃത്തുക്കൾക്കൊപ്പം അല്പനേരം സൊറ പറഞ്ഞും ഇരിക്കാം. പെൻഷൻ വാങ്ങാനെത്തുന്ന വയോജനങ്ങൾക്ക് 'സൊറയിടം' എന്ന പേരിൽ പ്രകൃതിദത്തമായ വിശ്രമകേന്ദ്രമൊരുക്കി മാതൃകയാവുകയാണ് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്.

സ്ഥലപരിമിതിയും തിരക്കും മൂലം ബുദ്ധിമുട്ടുകയായിരുന്നു സബ്ട്രഷറി അധികൃതർ. പെൻഷൻ വിതരണം ചെയ്യുന്ന മാസാദ്യ ദിനങ്ങളിൽ തിരക്ക് വർധിക്കും. പ്രായമേറിയ പെൻഷൻകാരുടെ നിരന്തര അഭ്യർത്ഥനയെ തുടർന്നാണ് ട്രഷറിക്കു സമീപമുള്ള തണൽമരത്തിന്റെ ചുവട്ടിൽ വിശ്രമ സ്ഥലം ഒരുക്കാൻ ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചത്. ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ നല്ല മനസ്സിന് കൈകോർത്ത് സമീപത്തെ സെന്റ് ആന്റണീസ് എൽ. പി. സ്കൂളിലെ ഹെഡ്മാസ്റ്റർ മനോജും സഹായവുമായി രംഗത്തെത്തി. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒരു രൂപ പോലും ചെലവഴിക്കാതെയാണ് ഈ വിശ്രമകേന്ദ്രം സജ്ജമാക്കിയത്.

## യുവജന കമ്മിഷൻ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന യുവജന കമ്മിഷൻ 2024–25 വർഷത്തെ യൂത്ത് ഐക്കൺ അവാർഡുകൾ പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്കാണ് കമ്മിഷൻ അവാർഡ് നൽകുന്നത്. കല/സാംസ്കാരികം, കായികം, സാഹിത്യം, കാർഷികം/മൃഗസംരക്ഷണം, വ്യവസായ സംരംഭകത്വം, മാധ്യമം തുടങ്ങിയ മേഖലകളിൽ വ്യത്യസ്തവും മാതൃകാപരവുമായ ഇടപെടലുകളാൽ സമൂഹത്തിന് പുതുവെളിച്ചമുണ്ടാക്കിയ യുവജനങ്ങളെയാണ് കമ്മിഷൻ നിയോഗിച്ച ജൂറി അവാർഡിനായി തെരഞ്ഞെടുത്തത്.

കല/സാംസ്കാരികം മേഖലയിൽനിന്ന് അഭിനേത്രി നിഖില വിമൽ, കായികരംഗത്തു നിന്ന് ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലെ ഓൾറൗണ്ടർ സജന സജീവൻ, സാഹിത്യ മേഖലയിൽനിന്ന് യുവ എഴുത്തുകാരൻ വിനിൽ പോൾ, കാർഷികരംഗത്തു നിന്ന് എം. ശ്രീവിദ്യ, വ്യവസായം/സംരഭകത്വം മേഖലയിൽ ദേവൻ ചന്ദ്രശേഖരൻ, മാധ്യമ മേഖലയിൽ നിന്നും ആർ. റോഷിപാൽ എന്നിവർ അവാർഡിന് അർഹരായി.

## വയനാട് ടൗൺഷിപ്പിന് 27ന് തറക്കല്ലിടും; പരാതികൾ തീർക്കും: മന്ത്രി കെ. രാജൻ

തിരുവനന്തപുരം: മുണ്ടക്കൈ–ചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്കായി നിർമിക്കുന്ന ടൗൺഷിപ്പിന് മാർച്ച് 27 ന് തറക്കല്ലിടുമെന്ന് മന്ത്രി കെ. രാജൻ. നിയമസഭയിൽ സംസ്ഥാന സർക്കാരിനെതിരേ ടി. സിദ്ധിഖ് എംഎൽഎ കൊണ്ടുവന്ന അടിയന്തര പ്രമേയ നോട്ടീസിനുള്ള മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

അഭിമാനകരമായ ദുരന്ത ദിവാരണ പ്രക്രിയയിലാണ് സർക്കാർ. പുനരധിവാസത്തിന് സാധ്യമായതെല്ലാം ചെയ്യും. പരാതികളെല്ലാം തീർക്കും. വയനാട്ടിൽ കേരള മോഡൽ ഉണ്ടാക്കും. കൃത്യം മാനദണ്ഡങ്ങൾ പാലിച്ചാണ് പുനരധിവാസ പട്ടിക തയാറാക്കിയത്. 120 കോടി രൂപ ഉപയോഗിച്ച് റോഡുകൾ പുനർനിർമിക്കുമെന്നും മന്ത്രി പറഞ്ഞു. അതേസമയം, സഭയിൽ കേന്ദ്രത്തിനെതിരേ രൂക്ഷ വിമർശനമാണ് മന്ത്രി രാജൻ ഉന്നയിച്ചത്. കേന്ദ്ര സർക്കാർ മാലാഖയായല്ല, ചെകുത്താനായിട്ടാണ് അവതരിച്ചതെന്ന് മന്ത്രി വിമർശിച്ചു.

ഇത്ര വലിയ ദുരന്തം ഉണ്ടായിട്ട് കേന്ദ്രം അത് തീവ്ര ദുരന്തമായി പ്രഖ്യാപിച്ചത് എത്ര മാസം കഴിഞ്ഞാണ് കേരളത്തെ അപമാനിക്കാനും ഒറ്റപ്പെടുത്താനുമുള്ള നടപടിയുമായി കേന്ദ്രം മുന്നോട്ട് പോവുകയാണ്. വയനാട് വിഷയത്തിൽ രാഷ്ട്രീയമില്ല. എല്ലാവരെയും ഒന്നിച്ചുനിർത്തി മുന്നോട്ട് പോകുമെന്നും മന്ത്രി രാജൻ കൂട്ടിച്ചേർത്തു.

# മുതുവിള– നന്ദിയോട് റോഡ് ബിഎംബിസി നിലവാരത്തിലേക്ക്

മുതുവിളയിൽ നിന്നാരംഭിച്ച് വാമനപുരം നദിക്കു കുറുകെയുള്ള ചെല്ലഞ്ചിപ്പാലം വഴി നന്ദിയോട് ജംഗ്ഷനിൽ ചെന്നെത്തുന്ന റോഡ് ബിഎംബിസി നിലവാരത്തിൽ നവീകരിക്കുന്നു. 13.45 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അനുമതി ലഭിച്ചതായി ഡി. കെ മുരളി എം. എൽ. എ അറിയിച്ചു. 13.5 കി. മീറ്റർ നീളമുള്ള റോഡ് നിലവിലുള്ള വീതിയിലാണ് നവീകരിക്കുന്നത്. എല്ലാ സ്ഥലത്തും 5.5 മീറ്റർ വീതി ഉറപ്പാക്കും. കേരള റോഡ് ഫണ്ട് ബോർഡിനാണ് നിർമ്മാണ ചുമതല.

2017–18 സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി കല്ലറ പഴയചന്ത – മുതുവിള റോഡിന് കിഫ്ബി പദ്ധതിയിൽ 32 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ റോഡ് സി. ആർ. എഫിൽ ഉൾപ്പെടുത്തി നവീകരിച്ചതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് മുതുവിള മുതൽ നന്ദിയോട് വരെയുള്ള റോഡ് നവീകരിക്കാൻ തീരുമാനിക്കുകയായിരുന്നു.

ഇതനുസരിച്ച് പൊതുമരാമത്ത് വകുപ്പ് തയാറാക്കിയ 64.49 കോടി രൂപയുടെ ഡിപിആറിന് കഴിഞ്ഞ വർഷം കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ചെങ്കിലും സ്ഥലം ഏറ്റെടുക്കൽ നടപടികളിലെ സാങ്കേതികത്വം ചൂണ്ടിക്കാട്ടി റോഡ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിട്ടു. മാത്രമല്ല റോഡിന്റെ കൂടുതൽ ഭാഗങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ ഭാഗമല്ലാതിരുന്നതും കിഫ്ബി പദ്ധതി നടപ്പാക്കാൻ തടസമായി. ഭൂമി ഏറ്റെടുക്കൽ നടപടിയാകുന്നതുവരെ നിലവിലെ പരമാവധി വീതിയിൽ റോഡ് നവീകരിക്കണമെന്ന എംഎൽഎയുടെ ആവശ്യം പരിഗണിച്ചാണ് റോഡ് നവീകരണം ആരംഭിക്കുന്നത്.

ഇതോടൊപ്പം കടവനാട് – പാലുവള്ളി – ചെല്ലഞ്ചി റോഡിൽ പാലുവള്ളി മുതൽ ചെല്ലഞ്ചിവരെയുള്ള 2.5 കി. മീറ്റർ ദൂരം ബിഎംബിസി നിലവാരത്തിൽ നവീകരിക്കുന്നതിന് 3.41 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ മാസം ടെൻഡർ നടപടി പൂർത്തിയാക്കി റോഡ് നിർമാണം ആരംഭിക്കുമെന്ന് ഡി. കെ. മുരളി എംഎൽഎ അറിയിച്ചു

# ആശുപത്രിയിൽ ഫാർമസിസ്റ്റ് ഇല്ല: കുത്തിയിരിപ്പ് സമരം നടത്തി

അഞ്ചൽ: അഞ്ചൽ പഞ്ചായത്തിന്റെ പനയഞ്ചേരി ഹോമിയോ ആശുപത്രിയിൽ മരുന്ന് എടുത്ത് നൽകാൻ ഫാർമസിസ്റ്റ് ഇല്ല. പലതവണ പഞ്ചായത്ത് ഭരണസമിതിയിൽ ഇക്കാര്യം ഉന്നയിച്ചിട്ടും നടപടി ഉണ്ടാകാത്തത്തിൽ പ്രതിഷേധിച്ച് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ തോയിത്തല മോഹനൻ പഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിന് മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തി.

ഫാർമസിസ്റ്റ് ഇല്ലാത്തതിനാൽ ആശുപത്രിയുടെ പ്രവർത്തനം പ്രതിസന്ധിയിലാണ്. കഴിഞ്ഞ നാലു വർഷമായി ഭരണസമിതി യോഗത്തിൽ വിഷയം ഉന്നയിച്ചു വരികയായിരുന്നു. പഞ്ചായത്ത് അഭിമുഖ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. എന്നാൽ നിയമനം നടത്തിയില്ല. ഫാർമസിസ്റ്റ് ഇല്ലാത്തതിനാൽ അറ്റൻഡറും സ്വീപ്പറുമാണ് മരുന്നുകൾ എടുത്ത് നൽകുന്നത്.

മരുന്നിന്റെ സ്റ്റോക്കിൽ അടുത്തിടെ വലിയ കുറവ് കണ്ടെത്തിയിരുന്നു. ഇതെല്ലാം ചൂണ്ടിക്കാട്ടിയിട്ടും നടപടിയെടുത്തില്ല. അഭിമുഖം നടന്നതോടെ ഉപതെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നു. അതിനാലാണ് നിയമനം വൈകിയതെന്നും ഈയാഴ്ച നിയമനം നടക്കുമെന്നും പഞ്ചായത്ത് പ്രസിഡൻറ് എ. നൗഷാദ്, സെക്രട്ടറി രഞ്ജൻ എന്നിവർ പറഞ്ഞു.

# ആറ്റുകാൽ പൊങ്കാല: സ്പെഷ്യൽ ട്രെയിനുകൾ പ്രഖ്യാപിച്ച് റെയിൽവേ

## സ്ഥിരം ട്രെയിനുകൾക്ക് താൽക്കാലിക സ്റ്റോപ്പുകളും സമയ പുനഃക്രമീകരണവും പ്രഖ്യാപിച്ചു

13ന് പുലർച്ചെ 1.30ന് എറണാകുളത്തുനിന്ന് പുറപ്പെടുന്ന സ്പെഷ്യൽ ട്രെയിൻ (06077) രാവിലെ 6.30ന് തിരുവനന്തപുരത്ത് എത്തും.

തിരുവനന്തപുരത്തുനിന്ന് 13ന് പകൽ 2.15ന് പുറപ്പെടുന്ന സ്പെഷ്യൽ ട്രെയിൻ (06078) രാത്രി 7.40ന് എറണാകുളത്തെത്തും.

അധിക സ്റ്റോപ്പുകൾ (തീയതി, ട്രെയിൻ, താൽക്കാലിക സ്റ്റോപ് എന്നീ ക്രമത്തിൽ)

13ന് പുറപ്പെടുന്ന കന്യാകുമാരി -പുനലൂർ പാസഞ്ചർ (56706) ചിറയിൻകീഴ്, കടയ്ക്കാവൂർ, ഇടവ, മയ്യനാട്

13- തിരുവനന്തപുരം - ചെന്നൈ സെൻട്രൽ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് (12624) കഴക്കൂട്ടം, കടയ്ക്കാവൂർ, ചിറയിൻകീഴ്

13- തിരുവനന്തപുരം- ചെന്നൈ സെൻട്രൽ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് (12696) കഴക്കൂട്ടം, ചിറയിൻകീഴ്, കടയ്ക്കാവൂർ

13- നാഗർകോവിൽ- മംഗളൂരു പരശുറാം എക്സ്പ്രസ് (16650) ബാലരാമപുരം, തിരുവനന്തപുരം സൗത്ത്

12- മംഗളൂരു- തിരുവനന്തപുരം എക്സ്പ്രസ് (16348) കടയ്ക്കാവൂർ

12 - മധുര- പുനലൂർ എക്സ്പ്രസ് (16729) പള്ളിയാടി, കുഴിത്തുറ, ബാലരാമപുരം, തിരുവനന്തപുരം സൗത്ത്

13- നാഗർകോവിൽ- മംഗളൂരു പരശുറാം എക്സ്പ്രസ് (16650) ബാലരാമപുരം, തിരുവനന്തപുരം സൗത്ത്

13- കൊല്ലം -ചെന്നൈ എഗ്മൂർ എക്സ്പ്രസ് (20636) തിരുവനന്തപുരം സൗത്ത്, ബാലരാമപുരം, ധനുവച്ചപുരം, പള്ളിയാടി

11- ലോകമാന്യതിലക് - തിരുവനന്തപുരം നേത്രാവതി എക്സ്പ്രസ് (16345) തുറവൂർ, മാരാരിക്കുളം, പരവൂർ, കടയ്ക്കാവൂർ

11- സെക്കന്ദരാബാദ്- തിരുവനന്തപുരം എക്സ്പ്രസ് (17230) ഇരിഞ്ഞാലക്കുട, ചാലക്കുടി, അങ്കമാലി, കാലടി, തൃപ്പൂണിത്തുറ, ഏറ്റുമാനൂർ, പരവൂർ, കടയ്ക്കാവൂർ, ചിറയിൻകീഴ്

12- മംഗളൂരു സെൻട്രൽ -കന്യാകുമാരി എക്സ്പ്രസ് (16649) മയ്യനാട്, കടയ്ക്കാവൂർ

12 - ഷൊർണൂർ - തിരുവനന്തപുരം- വേണാട് എക്സ്പ്രസ് (16301) മുരുക്കുംപുഴ

12 - മംഗളൂരു -തിരുവനന്തപുരം ഏറനാട് എക്സ്പ്രസ് (16605) മാരാരിക്കുളം

12- നാഗർകോവിൽ- കോട്ടയം എക്സ്പ്രസ്- നാഗർകോവിൽ ടൗൺ വീരനല്ലൂർ, പള്ളിയാടി, കുഴിത്തുറ വെസ്റ്റ്, ധനുവച്ചപുരം, അമരവിള, ബാലരാമപുരം

12- കന്യാകുമാരി- പുനലൂർ പാസഞ്ചർ (56706) നാഗർകോവിൽ ടൗൺ, വീരനല്ലൂർ, പള്ളിയാടി കുഴിത്തുറ വെസ്റ്റ്, അമരവിള

12 - ഗുരുവായൂർ- ചെന്നൈ എഗ്മൂർ എക്സ്പ്രസ് (16128) തുറവൂർ, മാരാ രിക്കുളം, അമ്പലപ്പുഴ, ഹരിപ്പാട്

12- മധുര- തിരുവനന്തപുരം എക്സ്പ്രസ് (16344) പരവൂർ, കടയ്ക്കാവൂർ, ചിറയിൻകീഴ്, മുരുക്കുംപുഴ, പേട്ട

12 - മംഗളൂരു -തിരുവനന്തപുരം എക്സ്പ്രസ് (16603) തുറവൂർ, മാരാരിക്കുളം, പേട്ട

12- ചെന്നൈ സെൻട്രൽ -തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് (12695) പരവൂർ, കടയ്ക്കാവൂർ, ചിറയിൻകീഴ്, പേട്ട

13- തിരുവനന്തപുരം - മംഗളൂരു മലബാർ എക്സ്പ്രസ് (16629) മയ്യനാട്

12- മംഗളൂരു- തിരുവനന്തപുരം മലബാർ എക്സ്പ്രസ് (16630) മയ്യനാട്

12 - മൈസൂർ -തിരുവനന്തപുരം നോർത്ത് എക്സ്പ്രസ് ( 16315) തുറവൂർ, മാരാരിക്കുളം

13- ഷാലിമാർ -തിരുവനന്തപുരം എക്സ്പ്രസ് (22641) മാരാരിക്കുളം, തുറവൂർ

*സമയ പുനഃക്രമീകരണം*

കന്യാകുമാരിയിൽനിന്ന് 13ന് രാവിലെ 10. 10നുള്ള മംഗളൂരു എക്സ്പ്രസ് (16525) ഒരു മണിക്കൂർ വൈകി 11.10നാകും പുറപ്പെടുക

13ന് പകൽ 1.25ന് തിരുവനന്തപുരം നോർത്തിൽനിന്നുള്ള നാഗർകോവിൽ പാസഞ്ചർ (56310) 35 മിനിറ്റ് വൈകി പകൽ രണ്ടിനാകും പുറപ്പെടുക.

# ആറ്റുകാൽ പൊങ്കാല: ഹരിതചട്ടം കർശനമാക്കി

## 25 കിലോയോളം പ്ലാസ്റ്റിക്, നിരോധിത ഉത്പന്നങ്ങൾ പിടിച്ചെടുത്തു

ആറ്റുകാൽ പൊങ്കാലയുടെ ഭാഗമായി ഹരിതചട്ടം കർശനമാക്കി. ഇതിന്റെ ഭാഗമായി ക്ഷേത്ര വളപ്പിലെ താത്കാലിക സ്റ്റാളുകളിലും ഉത്സവ മേഖലകളിലെ വ്യാപാര സ്ഥാപനങ്ങളിലും ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും കോർപ്പറേഷനും സംയുക്തമായി പരിശോധന നടത്തി. പരിശോധനയിൽ 25 കിലോയോളം പ്ലാസ്റ്റിക്, നിരോധിത ഉത്പന്നങ്ങൾ പിടിച്ചെടുത്തു.

വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സ്ഥാപനങ്ങൾക്ക് അധികൃതർ നോട്ടീസ് നൽകി. ജില്ലാ ശുചിത്വമിഷൻ ടീം, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരടങ്ങുന്ന സംഘമാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്.

കോർപ്പറേഷൻ പരിധിയിലെ ഹോട്ടലുകളും മറ്റു വ്യാപാര സ്ഥാപനങ്ങളും പരിശോധിക്കാൻ പ്രത്യേക സ്ക്വാഡിന് രൂപം നൽകി. സർക്കാർ ഓഫീസുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ പരിശോധിച്ച് സ്പോർട്ട് ഫൈൻ ഈടാക്കുകയും ചട്ടലംഘനത്തിന് നോട്ടീസ് നൽകുകയും ചെയ്തു.

ജില്ലാ ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലയിൽ വ്യാപകമായി പരിശോധനകൾ കർശനമാക്കി. വരും ദിവസങ്ങളിലും പരിശോധന ശക്തമാക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

ആറ്റുകാൽ പൊങ്കാല: അധിക സർവ്വീസുകളും ബജറ്റ് ടൂറിസവും ഒരുക്കി കെ. എസ്. ആർ. ടി. സി

ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് കെഎസ്ആർടിസി അധിക സർവ്വീസുകളും ബജറ്റ് ടൂറിസവും ഒരുക്കും. കിഴക്കേകോട്ടയിൽ നിന്ന് 20 ബസ്സുകൾ ചെയിൻ സർവ്വീസായി ക്ഷേത്രത്തെ ബന്ധിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 4000 സ്ത്രീകളെ ആറ്റുകാൽ ക്ഷേത്രത്തിൽ എത്തിക്കും. ഇവർക്ക് ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കും.കെ. എസ്. ആർ. ടി. സിയുടെ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സിറ്റി, പാപ്പനംകോട്, വികാസ് ഭവൻ, വെള്ളനാട്, പേരൂർക്കട എന്നീ യൂണിറ്റുകളിൽ നിന്നും മാർച്ച് 14വരെ തീർത്ഥാടകരുടെ തിരക്കനുസരിച്ച് 'ആറ്റുകാൽ ക്ഷേത്രം സ്പെഷ്യൽ സർവ്വീസ്' ബോർഡ് വെച്ച് കൂടുതൽ സർവ്വീസുകൾ നടത്തും. മാർച്ച് 5 മുതൽ ഈ യൂണിറ്റുകളിൽ നിന്നുള്ള സർവ്വീസ് ആരംഭിച്ചു.

തിരുവനന്തപുരം റവന്യു ജില്ലയുടെ ഇതര യൂണിറ്റുകളിൽ നിന്നും കൊല്ലം, കൊട്ടാരക്കര, പുനലൂർ, പത്തനംതിട്ട യൂണിറ്റുകളിൽ നിന്നും മാർച്ച് 12ന് ശേഷം ആരംഭിച്ച് 13 വരെയോ തീർത്ഥാടകരുടെ തിരക്ക് തീരുന്നതുവരെയോ തിരുവനന്തപുരത്തേക്ക് അധിക സർവ്വീസുകൾ നടത്തും.

# ആറ്റുകാൽ പൊങ്കാല: വീടുകൾ കേന്ദ്രീകരിച്ച് മാസ് ക്യാമ്പയിൻ

## ശുചിത്വ പൊങ്കാലയുടെ സന്ദേശ വാഹകരായി ഹരിത കർമ്മസേന

ആറ്റുകാൽ പൊങ്കാല ഹരിത പ്രോട്ടോകോൾ പ്രകാരം നടത്തുന്നതിന് ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ 'ശുചിത്വ പൊങ്കാല പുണ്യ പൊങ്കാല ' എന്ന ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചു.

ഹരിത കർമ്മ സേന അംഗങ്ങളാണ് വീടുകൾ തോറും ഫേസ് ടു ഫേസ് ക്യാമ്പയിനിംഗ് നടത്തുന്നത്.

അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ സേനാംഗങ്ങൾ വീട്ടിൽ എത്തുന്ന സമയത്ത് പൊങ്കാലയ്ക്ക് പാലിക്കേണ്ട ഹരിതചട്ടത്തെ പറ്റി പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തി കൊടുക്കുന്നുണ്ട്. ജില്ലയിലെ 73 പഞ്ചായത്തുകളിലും കോർപ്പറേഷനിലും മുൻസിപ്പാലിറ്റികളിലും ഹരിത കർമ്മ സേന മാസ്സ് ക്യാമ്പയിൻ നടത്തുന്നുണ്ട്.

പൊങ്കാലയ്ക്ക് പോകുന്നവർ പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കി സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്, തുണിസഞ്ചി എന്നിവ കയ്യിൽ കരുതണം. ഏതെങ്കിലും അജൈവ വസ്തു അവശേഷിക്കുന്നുണ്ടെങ്കിൽ അവ വലിച്ചെറിയാതെ തിരികെ ഹരിത കർമ്മ സേനയെ ഏൽപ്പിക്കണം. പരിസരം ശുചിയായി സൂക്ഷിക്കണമെന്നും ഭക്ഷണം, വെള്ളം തുടങ്ങിയവ വിതരണം ചെയ്യുന്നവർ പൂർണ്ണമായും ഹരിതചട്ടം പാലിക്കണമെന്നുമുള്ള നിർദേശങ്ങളാണ് ഹരിത കർമ്മ സേന അംഗങ്ങൾ നേരിട്ട് വീടുകളിൽ അറിയിക്കുന്നത്.

ജില്ലയിലെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചും ജില്ലാ ശുചിത്വമിഷൻ ക്യാമ്പയിൻ നടത്തുന്നുണ്ട്. ക്ഷേത്രങ്ങളിൽ എത്തുന്ന ഭക്തർക്ക്, ആറ്റുകാൽ പൊങ്കാലയുമായും മറ്റ് ക്ഷേത്ര ഉത്സവങ്ങളുമായും ബന്ധപ്പെട്ട് ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കികൊടുക്കുന്നതാണ് പരിപാടി. ഇതോടനുബന്ധിച്ച് ഹരിതകർമ്മസേന അം?ഗങ്ങൾ സ്കിറ്റുകളും അവതരിപ്പിക്കുന്നുണ്ട്.

കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

ഈ സന്ദേശ പ്രചാരണത്തിന്റെ വീഡിയോയും ഷോർട്ട് ഫിലിമും ജില്ലാ ശുചിത്വ മിഷന്റെ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പേജുകളിലൂടെയും ജനങ്ങളിലേക്ക് എത്തിക്കുന്നുണ്ട്.

# ചൂട് ഉയരുന്നു; മുൻകരുതൽ നടപടി സ്വീകരിക്കാൻ കളക്ടർ നിർദേശം നൽകി

പേരൂർക്കട: ജില്ലയിൽ അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ അടിയന്തര സാഹചര്യം നേരിടുന്നതിന് സജ്ജമായിരിക്കണമെന്ന് ജില്ലാ കളക്ടർ അനുകുമാരി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

വിവിധ വകുപ്പുകൾ സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വിളിച്ചുചേർത്ത യോഗത്തിലാണ് കളക്ടർ നിർദേശം നൽകിയത്. ചൂട് ഉയരുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ നേരിടുന്നതിന് മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ആശുപത്രികൾക്ക് നിർദേശം നൽകിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ സർക്കാർ ആശുപത്രികളിലും കൃത്യമായ വായുസഞ്ചാരമുള്ള സ്ഥലത്ത് കിടക്കകൾ ക്രമീകരിക്കുന്നതിനുള്ള നിർദേശം നൽകി. ആശുപത്രികളിൽ ഹീറ്റ് സ്ട്രോക്ക് ക്ലിനിക്ക് സജ്ജീകരിക്കുന്നതിന് സർക്കാർ ആശുപത്രികൾക്ക് പ്രത്യേകം തുക അനുവദിച്ചു. ഐസ് പാക്ക്സ്, എയർ കൂളർ, ഗാർഡൻ സ്പ്രെയർ, കോൾഡ് ബ്ലാങ്കറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കും.

ഫയർ ആൻഡ് റസ്ക്യൂവിന്റെ നേതൃത്വത്തിൽ സ്വകാര്യ ആശുപത്രികളിൾ ഉൾപ്പെടെ ഫയർ ഓഡിറ്റ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഉദ്യോഗസ്ഥർക്ക് ഓരോ വാർഡ് വീതം നൽകി ഫയർ മോണിറ്ററിംഗ് നടത്തുന്ന സേഫ്റ്റി ബീറ്റ് പ്രവർത്തനവും പൊതുസ്ഥലങ്ങളിൽ ബോധവത്കരണവും നടത്തുന്നുണ്ട്. പകൽ 11 മുതൽ മൂന്നുവരെയുള്ള സമയം നേരിട്ട് ചൂടേൽക്കുന്നത് അപകടമായതിനാൽ തൊഴിലാളികളുടെ ജോലിസമയം ക്രമീകരിക്കുന്നതിന് നിർദേശം നൽകിയതായി ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കൂടുതൽ ടാങ്കറുകളിൽ വെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികൾ യോഗത്തിൽ അറിയിച്ചു. സബ് കളക്ടർ ഒ. വി ആൽഫ്രഡ്, ജില്ലാ ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ജി. ശ്രീകുമാർ പങ്കെടുത്തു.

# വിദേശ ജോലി സ്വപ്നം സാക്ഷാത്കരിക്കാം; നോർക്ക ശുഭയാത്ര വായ്പാ ധനസഹായപദ്ധതിക്ക് തുടക്കമായി

തിരുവനന്തപുരം: വിദേശ ജോലി എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കുന്നതിനുള്ള വായ്പാ ധനസഹായപദ്ധതിയായ നോർക്ക ശുഭയാത്രയ്ക്ക് തുടക്കമായി. പദ്ധതിയിൽ ഭാഗമായുള്ള ആദ്യ കരാർ ട്രാവൻകൂർ പ്രവാസി ഡെവലപ്മെന്റ് കോ. ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നോർക്ക റൂട്ട്സ് സി. ഇ. ഒ അജിത് കോളശ്ശേരി, സെക്രട്ടറി ഇൻ ചാർജ് എ വി അമലിന് കൈമാറി. ജി. സി. സി രാജ്യങ്ങളിലുൾപ്പെടെ വിദേശത്ത് മികച്ച നൈപുണ്യമുള്ള നിരവധി തൊഴിൽ മേഖലകളിൽ (പ്ലംബിങ്, ഇലക്ട്രീഷ്യൻ, കാർപെന്റർ തുടങ്ങി) നിരവധി ഒഴിവുകളുണ്ട്. ഇത്തരം സാധ്യതകൾ പ്രയേജനപ്പെടുത്തുന്നതിനായുള്ള നൈപുണ്യ വികസന പരിശീലനത്തിനും പദ്ധതി സഹായകരമാകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിച്ച നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. അർഹരായ എല്ലാവരേയും പിന്തുണയ്ക്കാൻ തയ്യാറാണെന്ന് കേരള പ്രവാസി ക്ഷേമ ബോർഡ് ഡയറക്ടറും, ട്രാവൻകൂർ പ്രവാസി ഡെവലപ്മെന്റ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റുമായ കെ സി സജീവ് തൈക്കാടും വ്യക്തമാക്കി. നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ സൊസൈറ്റി ഡയറക്ടർ മാരായ എ നാസറുദ്ധീൻ, ആർ സതികുമാർ, റഷീദ് റസ്റ്റം, എം നാസർ പൂവച്ചൽ നോർക്ക റൂട്ട്സ് ജീവനക്കാർ എന്നിവർ സംബന്ധിച്ചു. വിദേശത്ത് തൊഴിൽ നേടുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം, വിദേശയാത്രയ്ക്കുള്ള പ്രാരംഭ ചെലവുകൾ എന്നിവയ്ക്കായി പലിശ സബ്സിഡിയോടെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കുന്നതാണ് നോർക്ക ശുഭയാത്ര പദ്ധതി. പ്രവാസി നൈപുണ്യ വികസന സഹായ പദ്ധതി, വിദേശ തൊഴിലിനായുള്ള യാത്രാ സഹായ പദ്ധതി എന്നീ ഉപപദ്ധതികൾ ചേർന്നതാണ് ഇത്. 36 മാസ തിരിച്ചടവിൽ രണ്ടു ലക്ഷം രൂപ വരെയാണ് അർഹരായ അപേക്ഷകർക്ക് വായ്പയായി ലഭിക്കുക. അംഗീകൃത റിക്രൂട്ടിംഗ് ഏജൻസി മുഖേന ലഭിക്കുന്ന ജോബ് ഓഫറിന്റെ അടിസ്ഥാനത്തിലാണ് വായ്പ ലഭിക്കുക. കൃത്യമായി വായ്പാ തിരിച്ചടവിന് നാലു ശതമാനം (പ്രതിവർഷം) പലിശ സബ്സിഡി 30 മാസത്തേക്ക് നൽകും. ആദ്യത്തെ ആറ് മാസത്തെ മുഴുവൻ പലിശയും നോർക്ക റൂട്ട്സ് വഹിക്കും. വീസ സ്റ്റാമ്പിംഗ്, എച്ച്ആർഡി/എംബസി അറ്റസ്റ്റേഷൻ, ഇമിഗ്രേഷൻ ക്ലിയറൻസ്, എയർ ടിക്കറ്റുകൾ, വാക്സിനേഷൻ മുതലായവയ്ക്കുള്ള ചെലവുകൾക്കായി വായ്പ പ്രയോജനപ്പെടുത്താവുന്നതാണ്.

# കൊല്ലത്ത് സ്യൂട്ട്കേസിൽ കണ്ടെത്തിയ അസ്ഥികൂടം മെഡിക്കൽ പഠനത്തിന് ഉപയോഗിച്ചതെന്ന് നിഗമനം

കൊല്ലം: സിഎസ്ഐ പള്ളിയുടെ സെമിത്തേരിക്ക് സമീപം കണ്ടെത്തിയ അസ്ഥികൂടം മെഡിക്കൽ പഠനത്തിന് ഉപയോഗിച്ചതെന്ന് നിഗമനം. ഫോറൻസിക് പരിശോധനയിൽ അസ്ഥികളിൽ മാർക്ക് ചെയ്തിരിക്കുന്ന പാടുകൾ കണ്ടെത്തി. ഇടുപ്പെല്ലിൽ ഇംഗ്ലീഷ് അക്ഷരമാലയിലെ 'എച്ച്' എന്ന അക്ഷരവും കാലിന്റെ എല്ലിൽ 'ഒ' എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നട്ടെല്ലിന്റെ ഭാഗങ്ങൾ ചുവപ്പ് കയർ ഉപയോഗിച്ച് കൂട്ടിക്കെട്ടിയ നിലയിലാണ്. അസ്ഥികൾ എങ്ങനെയാണ് സ്യൂട്ട്കേസിൽ എത്തിയതെന്ന കാര്യത്തിൽ പോലീസ് അന്വേഷണം തുടങ്ങി. ഇന്ന് രാവിലെയാണ് എസ്എൻ കോളജിന് സമീപമുള്ള ശാരദാമഠം സിഎസ്ഐ പള്ളിയോട് ചേർന്നുള്ള സെമിത്തേരിക്ക് സമീപം സ്യൂട്ട്കേസിലാക്കിയ നിലയിൽ അസ്ഥികൂടം കണ്ടെത്തിയത്. പള്ളി ജീവനക്കാർ സ്യൂട്ട്കേസ് തുറന്നതോടെയാണ് അസ്ഥികൂടം ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് പോലീസിനെ വിവരം അറിയിക്കുകയായിരുന്നു.

# വനിതാ കമ്മീഷൻ അദാലത്ത്

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന കൊല്ലം ജില്ലാതല അദാലത്ത് മാർച്ച് 12 ന് നടക്കും. കൊല്ലം ആശ്രാമം ഗസ്റ്റ് ഹൗസ് ഹാളിൽ രാവിലെ 10 ന് ആരംഭിക്കുന്ന അദാലത്തിൽ പുതിയ പരാതികളും സ്വീകരിക്കും.

# അവധി

ആറ്റുകാൽ പൊങ്കാല പ്രമാണിച്ച് പി.എം.ജി ജംഗ്ഷനിലെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ആൻഡ് പ്ലാനറ്റേറിയം മാർച്ച് 13 ന് തുറന്നു പ്രവർത്തിക്കില്ലെന്ന് ഡയറക്ടർ അറിയിച്ചു.

# അലാവികൾ കീഴടങ്ങണമെന്ന് സിറിയൻ പ്രസിഡൻറ്

ഡമാസ്കസ്: സിറിയയിലെ അലാവി ന്യൂനപക്ഷ സമുദായത്തിനു നേർക്കുള്ള അക്രമങ്ങൾ അന്വേഷിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയമിച്ചതായി ഇടക്കാല പ്രസിഡൻറ് അഹമ്മദ് അൽ ഷാര അറിയിച്ചു.

ഇതിനിടെ, സർക്കാർ സേനയും അവരെ പിന്തുണയ്ക്കുന്ന സായുധസംഘടനകളും ഞായറാഴ്ചയും അലാവികളുടെ ശക്തികേന്ദ്രമായ ടാർട്ടർ, ലഡാകിയ പ്രദേശങ്ങളിൽ സൈനിക നടപടി തുടർന്നു.

പലായനം ചെയ്ത മുൻ പ്രസിഡൻറ് ബഷാർ അൽ അസാദിനെ പിന്തുണയ്ക്കുന്ന അലാവി പോരാളികൾ കീഴടങ്ങണമെന്ന് അൽ ഷാര ആവശ്യപ്പെട്ടു. സിറിയ വീണ്ടും ആഭ്യന്തരയുദ്ധത്തിന്റെ പിടിയിലാകാതിരിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യാഴാഴ്ചയാണ് ഏറ്റുമുട്ടൽ ആരംഭിച്ചത്. അസാദിന്റെ കാലത്ത് സേനയിലുണ്ടായിരുന്നവർ ഇപ്പോഴത്തെ സർക്കാർ സേനയെ ആക്രമിച്ചതാണ് തുടക്കം.

സർക്കാർ സേനയെ പിന്തുണയ്ക്കാൻ രംഗത്തിറക്കിയ സായുധ ഗ്രൂപ്പുകൾ അലാവി സമുദായക്കാരെ കൂട്ടക്കൊല ചെയ്യാൻ തുടങ്ങിയെന്നാണ് റിപ്പോർട്ട്. വെള്ളി, ശനി ദിവസങ്ങളിലായി 750 പേർ കൊല്ലപ്പെട്ടു.

അലാവികൾ അയൽരാജ്യമായ ലബനനിലേക്ക് പലായനം തുടങ്ങി. അലാവികൾക്കെതിരേ അതിക്രമം ചെയ്തവരെ നിയമത്തിനു മുന്നിലെത്തിക്കുമെന്നാണ് പ്രസിഡൻറ് അഹമ്മദ് അൽഷാര പറഞ്ഞത്.

# എണ്ണ കപ്പലും ചരക്ക് ടാങ്കറും കൂട്ടിയിടിച്ച് കത്തി; നിരവധി പേർക്ക് പരിക്ക്

ലണ്ടൻ: യുകെ തീരത്ത് ഉത്തര സമുദ്രത്തിൽ എണ്ണ കപ്പലും ചരക്ക് ടാങ്കറും കൂട്ടിയിടിച്ചു കത്തി നിരവധി പേർക്ക് പരിക്ക്. കപ്പലുകളിലെ ജീവനക്കാരായ 32 പേരെ ഗ്രിംസ്ബി ഈസ്റ്റ് തുറമുഖത്ത് എത്തിച്ചു.

ഇതിൽ പലരുടെയും ആരോഗ്യനില ഗുരുതരമാണെന്നാണ് വിവരം. ബ്രിട്ടിഷ് തീര സംരക്ഷണ സേന രക്ഷാപ്രവർത്തനം തുടങ്ങി. യുഎസ് കമ്പനിയുടെ സ്റ്റെന ഇമ്മാക്കുലേറ്റ് എന്ന ടാങ്കറും പോർച്ചുഗലിന്റെ സോളോംഗ് എന്ന ചരക്ക് കപ്പലുമാണ് കൂട്ടിയിടിച്ചത്.

അപകടത്തിന്റെ കാരണം വ്യക്തമല്ല. സമീപ പട്ടണങ്ങളിൽ നിന്ന് ഒരു ഹെലികോപ്റ്ററും, ലൈഫ് ബോട്ടുകളും തീ അണയ്ക്കാൻ ശേഷിയുള്ള കപ്പലുകളും സംഭവ സ്ഥലത്തേക്ക് തിരിച്ചിട്ടുണ്ട്.

# ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനില മെച്ചപ്പെടുന്നു

വത്തിക്കാൻ സിറ്റി: റോമിലെ ജെമെല്ലി ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനില മെച്ചപ്പെട്ടുവരുന്നതായി വത്തിക്കാൻ. മാർപാപ്പ കഴിഞ്ഞദിവസം രാത്രിയിലും നന്നായി ഉറങ്ങി. ചികിത്സയോടു നന്നായി പ്രതികരിക്കുന്നുണ്ടെന്നും വത്തിക്കാൻ അറിയിച്ചു. ഞായറാഴ്ച രാവിലെ ആശുപത്രി മുറിയിലെ ചാപ്പലിൽ വിശുദ്ധ കുർബാനയിൽ പങ്കെടുത്ത മാർപാപ്പ തുടർന്ന് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിനുമായും സ്റ്റേറ്റ് സെക്രട്ടേറിയറ്റിലെ ആർച്ച് ബിഷപ് എഡ്ഗാർ പെന പാരായുമായും കൂടിക്കാഴ്ച നടത്തി. വത്തിക്കാനിലെ കൂരിയ അംഗങ്ങൾക്കായി പോൾ ആറാമൻ ഹാളിൽ ആരംഭിച്ച ധ്യാനപ്രസംഗം ഞായറാഴ്ച വൈകുന്നേരം വീഡിയോ ലിങ്ക് വഴി മാർപാപ്പ ശ്രവിച്ചു. കപ്പൂച്ചിൻ സന്യാസസഭാ വൈദികനായ ഫാ. റോബർട്ടോ പസോളിനിയാണ് വത്തിക്കാൻ കൂരിയ അംഗങ്ങൾക്കായുള്ള നോമ്പുകാല ധ്യാനം നയിക്കുന്നത്.

# നരബലി; നാല് വയസുകാരിയെ കഴുത്തറുത്ത് കൊന്നു

ഗാന്ധിനഗർ: ഗുജറാത്തിലെ ഛോട്ടാ ഉദയ്പൂരിൽ നരബലി. നാല് വയസുകാരിയെ അയൽവാസി കഴുത്തറുത്ത് കൊലപ്പെടുത്തിയശേഷം രക്തം കുടുംബക്ഷേത്രത്തിന്റെ പടിയിൽ തളിച്ചു. കുട്ടിയുടെ അയൽവാസിയായ ലാലാ തദ്‌വിയെ പോലീസ് അറസ്റ്റ് ചെയ്തു. ബോഡേലി താലൂക്കിലെ പനേജിലാണ് സംഭവം. റിഥ തദ്‌വി എന്ന നാല് വയസുകാരിയാണ് കൊല്ലപ്പെട്ടത്. തിങ്കളാഴ്ച രാവിലെ 8: 30 ഓടെയാണ് ആക്രമണം നടന്നത്. റിഥ ഒന്നര വയസുള്ള അനുജനൊപ്പം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ സമയത്ത് ഇവരുടെ അയൽവാസിയായ പ്രതി മഴുവുമായെത്തി കുട്ടിയെ പിടിച്ചുകൊണ്ടുപോകുകയായിരുന്നു. കുട്ടിയുടെ കരച്ചിൽ കേട്ട് ഓടിയെത്തിയ അമ്മ പ്രതിയെ തടയാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. പിടിവലി നടക്കുന്നതിനിടെ കുട്ടിയുടെ അമ്മയ്ക്കും പരിക്കേറ്റു. സംഭവമറിഞ്ഞ് നാട്ടുകാർ ഓടിക്കൂടിയെങ്കിലും ആയുധധാരിയായ പ്രതിയെ നേരിടാൻ ആരും തയാറായില്ല. തുടർന്ന് ലാൽ കുട്ടിയെ വീടിനകത്തേക്ക് കൊണ്ടുപോവുകയും കഴുത്തറുത്ത് കൊലപ്പെടുത്തുകയുമായിരുന്നു. പിന്നീട് കുട്ടിയുടെ രക്തം വീടിനുള്ളിൽ തന്നെയുള്ള ചെറിയ ക്ഷേത്രത്തിന്റെ പടിക്കെട്ടിൽ തളിച്ചു. റിഥയുടെ അമ്മയുടെ പരാതിയിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നരബലി നടന്നതായാണ് പ്രാഥമിക നിഗമനമെന്ന് അസിസ്റ്റൻറ് പോലീസ് സൂപ്രണ്ട് ഗൗരവ് അഗർവാൾ പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കരട് യു ജി സി ചട്ടങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്തെ സംസ്ഥാനത്തിന്റെ സ്വയംഭരണാധികാരം ഇല്ലാതാക്കുന്നു: മന്ത്രി ഡോ. ആർ ബിന്ദു

സർവകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭരണഘടനാപരമായ സംസ്ഥാനങ്ങളുടെ അവകാശം ഇല്ലാതാക്കുന്നതാണ് കരട് യുജിസി ചട്ടങ്ങളെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.

കരട് യു ജി സി ചട്ടങ്ങൾ 2025 എന്ന വിഷയത്തെ ആസ്പദമാക്കി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജും സംയുക്തമായി സംഘടിപ്പിച്ച ചർച്ച തിരുവനന്തപുരത്ത് കേരള ശാസ്ത്ര സാങ്കേതിക കൗൺസിൽ സെമിനാർ ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. വൈസ്ചാൻസലർ നിയമനമടക്കമുള്ള കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ അധികാരങ്ങൾ ഇല്ലാതാക്കുന്നതാണ് നിലവിലെ നിർദേശങ്ങൾ. യു ജി സി ഗൈഡ്‌ലൈൻ എന്നത് മാറ്റി റഗുലേഷൻ എന്ന് ഉപയോഗിച്ചിരിക്കുന്നത് അമിത നിയന്ത്രണത്തെയാണ് സൂചിപ്പിക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ വർഷം 1,800 കോടി രൂപയും കഴിഞ്ഞ നാല് വർഷത്തിൽ 6,000 കോടി രൂപയും ചെലവഴിച്ച സംസ്ഥാനമാണ് കേരളം. ദൈനംദിന പ്രവർത്തനങ്ങളും ബഡ്ജറ്റ് വിഹിതവുമടക്കം നീക്കിവെക്കുന്ന സംസ്ഥാനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയന്ത്രണമുണ്ടാകില്ല എന്നത് അംഗീകാരിക്കാനാവില്ലെന്ന് മറ്റ് സംസ്ഥാനങ്ങളും നിലപാട് സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ യോഗ്യതക്കപ്പുറം മറ്റ് മാനദണ്ഡങ്ങൾ വിസി നിയമനത്തിനടക്കം ബാധകമാക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം കുറയുന്നതിന് കാരണമാകും. സിലിബസ് പരിഷ്ക്കരണത്തിലടക്കം സങ്കുചിതമായ ചിന്താഗതി പുലർത്തരുത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒഴിവാക്കി ഉന്നതമായ മൂല്യങ്ങളും ജനാധിപത്യ ബോധവും നിലനിർത്തുന്ന ഇടങ്ങളായിരിക്കണം ഉന്നത വിദ്യാഭ്യാസ മേഖല. യു.ജി.സിയുടെ നിലപാടുകൾ ക്ലാസ്മുറികൾക്കപ്പുറം പൊതു സമൂഹം ചർച്ച ചെയ്യുന്ന രീതിയിലേക്കെത്തിക്കാൻ ചർച്ചയിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും കഴിയണമെന്നും മന്ത്രി പറഞ്ഞു.ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കെ സുധീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ.എം എ ലാൽ സ്വാഗതമാശംസിച്ചു. തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജ് പ്രിൻസിപ്പൽ ഡോ അനിത ആശംസയും ഐ ക്യു എ സി കോർഡിനേറ്റർ ഡോ. ഗോഡ്വിൻ നന്ദിയും അറിയിച്ചു. ഡോ. കെ എൻ ഗണേഷ്, ഡോ.ജിജു പി അലക്സ്, ഡോ. വാണി കേസരി എന്നിവർ സെഷനുകൾ നയിച്ചു.




കരട് യു ജി സി ചട്ടങ്ങൾ 2025 എന്ന വിഷയത്തെ ആസ്പദമാക്കി സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും തിരുവനന്തപുരം ഗവൺമെന്റ് വനിതാ കോളേജും സംയുക്തമായി സംഘടിപ്പിച്ച ചർച്ച മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

## വിവാഹ വാഗ്ദാനം നൽകി പീഡനം; ഇൻഫ്ലുവൻസർ 'തൃക്കണ്ണൻ' പിടിയിൽ

ആലപ്പുഴ: വിവാഹ വാഗ്ദാനം നൽകി യുവതിയെ പീഡിപ്പിച്ചെന്ന പരാതിയിൽ സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ കസ്റ്റഡിയിൽ. ഇൻസ്റ്റാഗ്രാമിൽ 'തൃക്കണ്ണൻ' എന്ന ഐഡിയിലെ ഹാഫിസ് സജീവാണ് കസ്റ്റഡിയിലായത്. ആലപ്പുഴ സൗത്ത് പോലീസാണ് ഹാഫിസിനെ അറസ്റ്റ് ചെയ്തത്. യുവതി നൽകിയ പരാതിയിലാണ് കേസ്. യുവതിയെ ഇയാൾ വിവാഹം കഴിക്കാമെന്ന് പറയുകയും എന്നാൽ പിന്നീട് ഇവർ തമ്മിൽ ഉണ്ടായ വഴക്കിനെ തുടർന്ന് പിരിയുകയുമായിരുന്നു. ഒരുമിച്ച് റീൽസ് എടുക്കാമെന്നും കൊളാബ് ചെയ്യാമെന്നും പറഞ്ഞാണ് ഇയാൾ പെൺകുട്ടികളെ വിളിച്ചുവരുത്തുന്നത്. ഹാഫിസ് വീടിനു തൊട്ടടുത്തുള്ള മറ്റൊരു വീട് വാടകയ്ക്കെടുത്താണ് റീൽസ് ഷൂട്ട് ചെയ്യുന്നതും എഡിറ്റ് ചെയ്യുന്നതും.യുവതിയെ വിവാഹം കഴിക്കാമെന്ന് ഉറപ്പ് നൽകി പീഡിപ്പിച്ചതെന്നാണ് പരാതിക്കാരി പറയുന്നത്. കഴിഞ്ഞ ഒരു വർഷമായി ഇരുവരും തമ്മിൽ അടുപ്പത്തിലാണെന്നും എന്നാൽ കുറച്ച് കഴിഞ്ഞപ്പോഴാണ് ഇയാൾ തന്നെ പറ്റിക്കുകയാണെന്ന് മനസിലായതെന്നും യുവതി പറഞ്ഞു.

## വ്യാജ ജോലി വാഗ്ദാനം; മ്യാൻമറിൽ കുടങ്ങിയ 283 ഇന്ത്യക്കാരെ തിരികെയെത്തിച്ചു

ന്യൂഡൽഹി: വ്യാജ ജോലി വാഗ്ദാനത്തിനിരയായി മ്യാൻമറിൽ കുടങ്ങിയ 283 ഇന്ത്യക്കാരെ തിരികെ നാട്ടിലെത്തിച്ചതായി ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം. മ്യാൻമറിലെയും തായ്‌ലൻഡിലെയും ഇന്ത്യൻ എംബസികളുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം നടത്തിയത്. ഇന്ത്യൻ എയർഫോഴ്സിന്റെ വിമാനത്തിലാണു രക്ഷപ്പെടുത്തിയവരെ തിരികെ എത്തിച്ചത്.

വ്യാജതൊഴിൽ വാഗ്ദാനങ്ങൾ നൽകി മ്യാൻമർ ഉൾപ്പെടെയുള്ള തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്ക് ആളുകളെ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ഇന്ത്യൻ വിദേശകാര്യമന്ത്രാലയം പറഞ്ഞു. തൊഴിലിന്റെ മറവിൽ മനുഷ്യക്കടത്തു വർധിച്ചുവരുന്നതായും ഇത്തരം സാഹചര്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന പൗരന്മാരെ തിരച്ചുകൊണ്ടുവരാൻ ശ്രമങ്ങൾ തുടരുകയാണെന്നും മന്ത്രാലയം അറിയിച്ചു.

# കാർഷിക സർവകലാശാലയുടെ 'കെ അഗ്ടെക് ലോഞ്ച്പാഡ്' ഉദ്ഘാടനം 14 ന്

കേരള കാർഷിക സർവകലാശാല 'കെ അഗ്ടെക് ലോഞ്ച്പാഡ്' എന്ന പേരിൽ കാർഷിക ഭക്ഷ്യ അനുബന്ധ വ്യവസായ ഇൻകുബേറ്റർ വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാനത്ത് ആദ്യമായിട്ടാണ് 15 കോടിയോളം അടങ്കൽ തുക വകയിരുത്തി കൊണ്ടുള്ള പദ്ധതി ഒരു സർവകലാശാല ഗ്രാന്റായി നേടിയെടുക്കുന്നത്. നബാർഡ്, ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി സർവകലാശാല എന്നിവയുടെ സഹകരണത്തോടെ വലിയ മുതൽമുടക്കിലാണ് ഇൻകുബേറ്റർ ആരംഭിക്കുന്നത്. കാർഷിക സർവ്വകലാശാലയുടെ കീഴിൽ സെക്ഷൻ 8 കമ്പനിയായി രജിസ്റ്റർ ചെയ്യുന്ന ഇൻകുബേറ്റർ പദ്ധതിക്കായി പ്രത്യേക ഭരണസംവിധാനമുണ്ടാകുമെന്നും കാർഷിക കോളേജ് ഡീൻ ഡോ. റോയ് സ്റ്റീഫന്റെയും, കാർഷിക വിജ്ഞാന വിഭാഗം മേധാവി ഡോ. അലൻ തോമസിന്റെയും നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

കാർഷിക മേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും ആശയവൽക്കരണത്തിൽ നിന്നും ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള മാർഗനിർദ്ദേശവും അടിസ്ഥാന സൗകര്യങ്ങളും നൽകുകയാണ് കെ അഗ്ടെക് ലോഞ്ച്പാഡ് ഇൻകുബേറ്ററിന്റെ പ്രധാന ലക്ഷ്യം. ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി സർവകലാശാലയുമായുള്ള സഹകരണം വിദേശ രാജ്യങ്ങളിലെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനും അവിടത്തെ പ്രായോഗിക സാങ്കേതിക രീതികൾ അറിയുന്നതിനും മുതൽക്കൂട്ടാവും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ കൃത്യമായ കാർഷിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും കർഷകർക്കുള്ള സാങ്കേതിക പിന്തുണയും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും വൈവിധ്യവൽക്കരണവും ഉറപ്പാക്കി കർഷകരുടെയും സംരംഭകരുടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തും. കേരളത്തിന്റെ കാർഷിക മേഖലയുടെ സുസ്ഥിര സാമ്പത്തിക സാങ്കേതിക വളർച്ച മുന്നിൽ കണ്ടുള്ള സംരംഭം മേഖലയിലെ നവസംരംഭകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ഉപകാരപ്രദമാകും. പദ്ധതിയിൽ സ്ത്രീ സംരംഭകർക്ക് പ്രത്യേക പരിഗണനയുണ്ടാവുമെന്നും മന്ത്രി അറിയിച്ചു.

വെള്ളായണി കാർഷിക കോളേജിൽ മാർച്ച് 14ന് രാവിലെ 11 മണിക്ക് 'കെ അഗ്ടെക് ലോഞ്ച്പാഡ്' ഇൻകുബേറ്ററിന്റെ ഉദ്ഘാടനം മന്ത്രി പി. പ്രസാദ് നിർവഹിക്കും. അഡ്വ. എം. വിൻസന്റ് എം.എൽ.എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നബാർഡ് ചെയർമാൻ ഡോ ഷാജി കെ വി, കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ ബി അശോക് തുടങ്ങിയവർ പങ്കെടുക്കും. വെസ്റ്റേൺ സിഡ്നി സർവകലാശാല വൈസ് ചാൻസലർ പ്രൊഫസർ ജോർജ് വില്യംസ് ഓൺലൈനായി പങ്കെടുക്കും.

# അരിപ്പയിലെ സമരക്കാർക്ക് ഭൂമി അനുവദിക്കണം: രമേശ് ചെന്നിത്തല

അരിപ്പയിൽ സമരം നടത്തുന്ന അഞ്ഞൂറോളം പട്ടികജാതി-പട്ടികവർഗ്ഗകുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് രമേശ് ചെന്നിത്തല നിയമസഭയിൽ സർക്കാരിനോടാവശ്യപ്പെട്ടു.

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയ്ക്കടുത്തുള്ള അരിപ്പയിൽ, അവർ കുടിൽ കെട്ടി സമരം ആരംഭിച്ചിട്ട് വർഷങ്ങളായി. പട്ടികജാതിക്കാർക്ക് 50 സെന്റ് ഭൂമിയും,

ആദിവാസിവിഭാഗത്തിന് ഒരേക്കർ ഭൂമിയും മറ്റുള്ളവർക്ക് 25 സെന്റ് ഭൂമിയും ആവശ്യപ്പെട്ടുകൊണ്ടാണ് അവിടെ സമരം നടത്തുന്നത്. 9-10-2018-ൽ റെവന്യൂ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽവച്ച്, മൂന്നു മാസത്തിനുള്ളിൽ അവിടെ താമസിക്കുന്ന ആദിവാസികൾക്ക് ഭൂമി നൽകാൻ തീരുമാനിച്ചിരുന്നു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 91 പേരെക്കൂടി പിന്നീട് ഉൾപ്പെടുത്തി. മുന്നൂറോളം കുടുംബങ്ങൾ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ട്. അരിപ്പയിൽ ഇപ്പോൾ താമസിക്കുന്നവർക്ക് അവിടെത്തന്നെ ഭൂമി നൽകണമെന്നതാണ് സമരക്കാരുടെ ആവശ്യം. കോവിഡുകാലത്ത് ഏറ്റവും വലിയ പ്രതിസന്ധി നേരിട്ട വിഭാഗമാണവർ. അവർക്ക് യാതൊരു സഹായവും കിട്ടിയില്ലെന്നുമാത്രമല്ല, അവർ അവിടെ വലിയ ദുരന്തങ്ങളെയാണ് നേരിട്ടത്. ധാരാളം ആളുകൾക്ക് പ്രയാസങ്ങളും ദുരിതങ്ങളും നേരിടേണ്ടിവന്നു. സമരഭൂമിയിൽ 2017 വരെ നെൽക്കൃഷിയും പയർക്കൃഷിയും നടത്തി അവർ ജീവിച്ചുവന്നതാണ്. എന്നാൽ കൃഷി വിധ്വംസക പ്രവർത്തനമാണെന്നു പറഞ്ഞ് റെവന്യൂ അധികൃതർ കൃഷി തടസ്സപ്പെടുത്തി. ഇപ്പോൾ കൃഷിയും ചെയ്യാൻ കഴിയാത്ത അവസ്ഥയാണവർക്കുള്ളത്. അരിപ്പ ഭൂസമരം പരിഹരിക്കാമെന്ന പേരിൽ 2017-ൽ റവന്യു വകുപ്പ് കണക്കെടുപ്പ് നടത്തുകയുണ്ടായി.

2018 ഒക്ടോബറിൽ റെവന്യൂ-വനം വകുപ്പുമന്ത്രിമാർ സമരക്കാരുമായി ചർച്ച നടത്തി. കണക്കെടുപ്പ് പൂർത്തിയാക്കിയ കുടുംബങ്ങളുടെ ജാതി, ഭൂവുടമസ്ഥരുടെ പരിശോധന എന്നിവയ്ക്കുശേഷം മൂന്നുമാസത്തിനകം ഭൂമി നൽകാമെന്ന് അറിയിച്ചു. കഴിഞ്ഞദിവസം ഞാൻ ഈ സമരഭൂമി സന്ദർശിച്ചിരുന്നു. അവരുടെ സ്ഥിതി വളരെ ദയനീയമാണ്. മെഡിക്കൽ സൗകര്യങ്ങളില്ല. നേരത്തെ മെഡിക്കൽ ടീം വന്ന് അവരെ പരിശോധന നടത്തുമായിരുന്നു. ഇപ്പോൾ അതുമില്ല. അവിടെ വൈദ്യുതിയില്ല. മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലാണ് കുട്ടികൾ പഠിക്കുന്നത്.

2024 നവംബർ 14-ന് റെവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയെങ്കിലും ഇതുവരെ അവരുടെ ലിസ്റ്റ് തയ്യാറായിട്ടില്ല. അരിപ്പ സമരഭൂമിയിൽ ഒന്നാം ക്ലാസ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു സഹായവുമില്ല, അവർ വളരെയേറെ ബുദ്ധിമുട്ടുകയാണ് എന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

## ആശമാരുടെ പ്രതിഫലം കൂട്ടുമെന്ന് കേന്ദ്രമന്ത്രി; കേരളം വിനിയോഗിച്ച തുകയുടെ വിശദാംശം നൽകിയില്ലെന്ന് വിമർശനം

ന്യൂഡൽഹി: ആശാവർക്കർമാരുടെ പ്രതിഫലം വർധിപ്പിക്കുമെന്ന് കേന്ദ്രസർക്കാർ പാർലമെൻറിൽ. കേരളത്തിനുള്ള എല്ലാ കുടിശികയും നൽകിയെന്നും കേന്ദ്രവിഹിതത്തിൽ വീഴ്ച ഉണ്ടായിട്ടില്ലെന്നും കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി. നഡ്ഡ രാജ്യസഭയിൽ പറഞ്ഞു.

കേന്ദ്രം നൽകാനുള്ള വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ പണം വിനിയോഗിച്ചതിനുള്ള വിശദാംശങ്ങൾ കേരളം നൽകിയിട്ടില്ല. ആശാ വർക്കർമാരുടെ കഠിനാധ്വാനത്തെ അഭിനന്ദിക്കുന്നുവെന്നും ആരോഗ്യ മേഖലയിലെ നേട്ടങ്ങളിൽ അവർക്കു പങ്കുണ്ടെന്നും നഡ്ഡ അഭിപ്രായപ്പെട്ടു. രാജ്യസഭയിൽ പി. സന്തോഷ് കുമാർ എംപിയുടെ ചോദ്യത്തിന് മറുപടിയായിട്ടാണ് കേന്ദ്ര ആരോഗ്യമന്ത്രിയുടെ പ്രസ്താവന. ആശാ വർക്കർമാരുടെ വേതനം ഉയർത്താൻ കേന്ദ്ര സർക്കാർ തയാറാകുമോയെന്നാണ് സന്തോഷ് കുമാർ എംപി ചോദിച്ചത്. ഇതിനു മറുപടിയായി, എൻഎച്ച്എം യോഗം കഴിഞ്ഞയാഴ്ച ചേർന്നിരുന്നുവെന്നും ആശ വർക്കർമാരുടെ ധനസഹായം വർധിപ്പിക്കാൻ തീരുമാനിച്ചുവെന്നും മന്ത്രി വ്യക്തമാക്കി. അതേസമയം, കേരളത്തിലെ ആശാവർക്കർമാരുടെ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് സംസ്ഥാനത്തു നിന്നുള്ള യുഡിഎഫ് എംപിമാർ പാർലമെൻറിനു പുറത്ത് പ്രതിഷേധിച്ചു. ആശാവർക്കർമാരുടെ ശമ്പളം 21,000 രൂപയായി വർധിപ്പിക്കുക, ആശ വർക്കർമാർക്ക് വിരമിക്കൽ ആനുകൂല്യമായി അഞ്ചു ലക്ഷം രൂപ നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധം.

# ബിഹാറിൽ തനിഷ്ക് ഷോറൂമിൽ പട്ടാപ്പകൽ തോക്ക് ചൂണ്ടി 25 കോടിയുടെ സ്വർണം കവർന്നു

പാറ്റ്ന: ബിഹാറിലെ ബോജ്പുർ ജില്ലയിൽപ്പെട്ട അരാ നഗരത്തിലെ ജ്വല്ലറിയിൽ പട്ടാപ്പകൽ തോക്കു ചൂണ്ടി 25 കോടിരൂപയുടെ സ്വർണം രൂപ കവർന്നു. നഗരത്തിലെ തനിഷ്ക് ഷോറൂമിൽ ഇന്നലെ രാവിലെ 10.30നായിരുന്നു സംഭവം.

കടയിലേക്ക് ഇരച്ചുകയറിയ കൊള്ളക്കാർ തോക്കുകൾ ചൂണ്ടി ജീവനക്കാരെയും ഉപഭോക്താക്കളെയും ഭീഷണിപ്പെടുത്തി ഒരുവശത്തേക്കു നിർത്തിയശേഷം സ്വർണാഭരണങ്ങൾ അപഹരിക്കുകയായിരുന്നു. ഷോറൂമിനു പുറത്തുണ്ടായിരുന്ന സെക്യൂരിറ്റി ജീവനക്കാരുടെ തോക്കുകൾ പിടിച്ചെടുത്ത് അവരെയും ഭീഷണിപ്പെടുത്തിയായിരുന്നു കവർച്ച.

മുഖം മറച്ചും ഹെൽമറ്റ് ധരിച്ചുമായി ആറ് പേരാണ് കവർച്ചാസംഘത്തിലുണ്ടായിരുന്നത്. സായുധരായ കൊള്ളക്കാർക്കുമുന്നിൽ ഉപഭോക്താക്കളും ജീവനക്കാരും കൈകളുയർത്തി നിൽക്കുന്ന ദൃശ്യം സിസിടിവിയിൽ പതിഞ്ഞിട്ടുണ്ട്.

ജ്വല്ലറിയിലെ ഷോകേസ് ബോക്സുകൾ കവർച്ചക്കാർ ബാഗുകളിലാക്കുന്നതു കണ്ട് അവിടേക്ക് എത്തിയ ഒരു ജീവനക്കാരനെ കൊള്ളക്കാരിൽ രണ്ടുപേർ ആക്രമിക്കുന്നതും സിസിടിവിയിൽ കാണാം.

25 കോടി രൂപ വിലമതിക്കുന്ന സ്വർണാഭരണം മോഷണം പോയതായും, എത്രമാത്രം പണം മോഷണം പോയെന്ന് തിട്ടപ്പെടുത്തിവരുന്നതേയുള്ളൂവെന്നും ഷോറൂം മാനേജർ കുമാർ മൃത്യുഞ്ജയ് പറഞ്ഞു.

കവർച്ചയ്ക്കിടെ പോലീസിനെ പലകുറി ഫോൺ ചെയ്തെങ്കിലും എത്താൻ വൈകിയതായി ഒരു ജീവനക്കാരൻ പറഞ്ഞു. സംഭവത്തിൽ പോലീസ് പ്രത്യേക സംഘം രൂപീകരിച്ച് അന്വേഷണം തുടങ്ങി. പോലീസ് നടത്തിയ തെരച്ചിലിനിടെ കൊള്ളസംഘത്തിൽപ്പെട്ട രണ്ടുപേർക്ക് ഏറ്റുമുട്ടലിൽ പരിക്കേറ്റതായി റിപ്പോർട്ടുണ്ട്.

## അവധിക്കാല ക്ലാസുകൾ

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ തിരുവനന്തപുരം, കൊല്ലം, കോന്നി, ചെങ്ങന്നൂർ, ആലുവ, ആളൂർ (തൃശൂർ), പാലക്കാട്, പൊന്നാനി, കോഴിക്കോട്, കല്യാശ്ശേരി (കണ്ണൂർ), കാഞ്ഞങ്ങാട് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കുവേണ്ടി നടത്തുന്ന സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിലേക്കും പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു മാസം ദൈർഘ്യമുള്ള അവധിക്കാല ക്ലാസ്സുകൾ 2025 ഏപ്രിൽ 21 ന് ആരംഭിക്കും.

വിശദവിവരങ്ങൾക്ക് : ഫോൺ : 8281098863.

## കോഷൻ ഡെപ്പോസിറ്റ് വിതരണം

2014-15 മുതൽ 2021-22 അധ്യയന വർഷം വരെ കാഞ്ഞിരംകുളം സർക്കാർ കെ എൻ എം ആർട്സ് ആന്റ് സയൻസ് കോളേജിൽ ഡിഗ്രി / പി ജി ക്ലാസുകളിൽ പ്രവേശനം നേടി കോഴ്സ് കാലാവധി പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് അഡ്മിഷൻ സമയത്ത് അടച്ച കോഷൻ ഡെപ്പോസിറ്റ് തുക കോളേജിൽ നിന്നും വിതരണം ചെയ്യുന്നു. വിശദവിവരങ്ങൾക്ക് : 9745224246.

## പരസ്യമായി പ്രതികരിച്ചത് ശരിയായില്ല; അച്ചടക്ക നടപടി വന്നാലും വിഷമമില്ലെന്ന് എ. പദ്മകുമാർ

പത്തനംതിട്ട: സിപിഎം സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കിയതിൽ അതൃപ്തി പരസ്യമാക്കിയുള്ള പരസ്യപ്രതികരണത്തിന് പിന്നാലെ നിലപാട് മയപ്പെടുത്തി എ. പദ്മകുമാർ. പരസ്യമായി പ്രതികരിച്ചത് ശരിയായില്ല. അതിന്റെ പേരിൽ അച്ചടക്ക നടപടി വന്നാലും വിഷമം ഇല്ലെന്ന് അദ്ദേഹം പ്രതികരിച്ചു. അന്പത് വർഷത്തിലേറെ പ്രവർത്തന പാരമ്പര്യമുള്ള തന്നെ സംസ്ഥാന കമ്മിറ്റിയിൽ ഉൾപെടുത്താതിരുന്നപ്പോൾ വൈകാരികമായി പ്രതികരിച്ചതാണ്. പറയേണ്ടകാര്യം തന്നെയാണ് പറഞ്ഞത്. എന്നാൽ പറഞ്ഞ സ്ഥലം മാറിപ്പോയി. കേഡറിന് തെറ്റ് പറ്റിയാൽ അത് തിരുത്തുന്ന പാർട്ടി ആണ് സിപിഎമ്മെന്നും അദ്ദേഹം പറഞ്ഞു. മുതിർന്ന നേതാക്കളിൽ പലരും വിളിച്ചു. ബുധനാഴ്ച ജില്ലാ കമ്മിറ്റിയിൽ പങ്കെടുക്കും. ബിജെപി നേതാക്കൾ തന്റെ വീട്ടിലെത്തിയത് മാധ്യമശ്രദ്ധ കിട്ടാനാണ്. ചിലർ തന്നെ രാഷ്ട്രീയഭിക്ഷാംദേഹിയായാണ് കണ്ടത്. ബിജെപിക്കാർ തന്നെ രാഷ്ട്രീയം പഠിപ്പിക്കാൻ വരേണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ശുചിത്വമിഷനിൽ ഇന്റേൺഷിപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന ശുചിത്വമിഷനിലെ വിവിധ വിഭാഗങ്ങളിൽ ഇന്റേർണിഷിപ്പിന് അവസരം. എം.ടെക് ഇൻ എൻവയോൺമെന്റൽ എൻജിനിയറിങ്/ എം.ബി.എ/ എം.എസ്.ഡബ്ല്യൂ, ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയും ഉള്ളവർക്കും സി.എ ഇന്റർ/ ഐസിഡബ്ല്യൂഎ ഇന്റർ അല്ലെങ്കിൽ ബി.കോം ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും ഉള്ളവർക്കും അവസരമുണ്ട്. ഉയർന്ന പ്രായ പരിധി 32 വയസ്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ മാർച്ച് 14 രാവിലെ 10.30 ന് ശുചിത്വമിഷൻ ഓഫീസിൽ നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. വിശദവിവരങ്ങൾക്ക് : www.suchitwamission.org.

## ഗ്രാജുവേറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നടന്നുവരുന്ന ബി.ടെക്ക്/ എം.ടെക്ക് ഫ്രഷ് (ഇലക്ട്രിക്കൽ/ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്) ഗ്രാജുവേറ്റ്സ് ഇന്റേൺഷിപ്പ് പ്രോഗ്രാമിനായി അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ ഓൺലൈൻ ആയി വേണം സമർപ്പിക്കേണ്ടത്. ഇത് സംബന്ധിച്ച വ്യവസ്ഥകളും ലിങ്കും കമ്മീഷൻ വെബ്സൈറ്റായ www.erckerala.org ൽ 'ഇന്റേൺഷിപ്പ്' (Internship) ടാബിൽ ലഭ്യമാണ്. അവസാന തീയതി മാർച്ച് 25 ആണ്.